# ഗുരുകുലം

## ദാർശനിക മാസിക



ഗുരുകുലം

നാരായണഗുരുകുലത്തിൻെറ മുഖപത്രം

1993 നവംബർ വാല്യം 30 ലക്കം 8

ഉള്ളടക്കം പേജ്

| | | |
|---|---|---|
| പത്രാധിപക്കുറിപ്പ് | — | 345 |
| ഒരു വിശദീകരണം | — മുനി നാരായണപ്രസാദ് | 349 |
| കേരളത്തിലെ വിദ്യാഭ്യാസം | — നിത്യചൈതന്യയതി | 352 |
| ഗുരു | — നടരാജൻ | 369 |
| അറിവിൻെറ ആദ്യപാഠങ്ങൾ | — മുനിനാരായണപ്രസാദ് | 374 |
| ദേവീസ്തവം— ലളിതവ്യാഖ്യാനം | — മുനിനാരായണപ്രസാദ് | 379 |
| മുണ്ഡകോപനിഷത്ത് — വ്യാഖ്യാനം | — മുനിനാരായണപ്രസാദ് | 383 |
| ഗുരുകുലബാലലോകം | — ഉണ്ണിയണ്ണൻ | 388 |
| ഗുരുകുല വാർത്തകൾ | — | 392 |

## മുഖചിത്രം

ബ്രഹ്മവിദ്യാമന്ദിരത്തിൻെറ ഭാഗമായി പുതിയതായി നിർമ്മിച്ച കുടീരം. രണ്ടു ഗവേഷണവിദ്യാർത്ഥികൾക്ക താമസിക്കുവാനും പഠിക്കുവാനുമുള്ള സൗകര്യം ഇതിലുണ്ട്. സിംഗപ്പൂരിലെ ഒരു ഗുരുകുലസുഹൃത്തായ മി. ശിവദാസാണ് ഈ കുടീരം നിർമ്മിച്ചു സംഭാവന ചെയ്തതു്. വാസ്തുശില്പം: ആർക്കിടെക്റ്റ് ശങ്കർ, ഹാബിററ്റ്, തിരുവനന്തപുരം.

വരിസംഖ്യ

| | | | |
|---|---|---|---|
| ഇൻഡ്യ | — | Rs | 50.00 |
| ദക്ഷിണ പൂർവ്വേഷ്യ | — | $ | 40.00 |
| മററുവിദേശങ്ങൾ (Air Mail) | — | £ | 12.00 |
| സർഫസ് മെയിൽ | — | £ | 5.00 |

# മനുഷ്യസൗഹാർദ്ദം

മനുഷ്യൻ അന്യോന്യം അകന്നുനിന്നു വെറുപ്പോടും പ്രതികാരമനോഭാവത്തോടുകൂടി ജീവിക്കുവാൻ ഇടയാക്കുന്ന ഘടകങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്—മതം, രാഷ്ട്രീയം, ശാസ്ത്രം, ഭാഷ. പ്രാദേശികത, നിറം, ജാതി, വർഗ്ഗം, പണം, പദവി, അറിവും അറിവില്ലായ്മയും—ഇങ്ങനെ ആ പട്ടിക നീണ്ടുപോകും.

ഭാരതത്തെ സംബന്ധിച്ചിടത്തോളം മനുഷ്യർ തമ്മിൽ പോരാടാൻ ഇടയായിട്ടുള്ള മുഖ്യഘടകം മതം ആണെന്നാണു പൊതുവായ ധാരണ. എന്നാൽ, മതത്തോളമോ മതത്തേക്കാളധികമോ രാഷ്ട്രീയവും പ്രാദേശികതയും ഭാഷയും ജാതിയും മററും ഇവിടെ മനുഷ്യനെ തമ്മിൽ അകററിനിറുത്തി വൈരത്തോടെ പോരാടി ജീവിക്കാൻ ഇടയാക്കിയിട്ടുണ്ട്—ഇടയാക്കുന്നുണ്ട്.

രാഷ്ട്രീയം, ജനനന്മ (രാഷ്ട്രനന്മ) എന്ന മുഖ്യലക്ഷ്യത്തിൽ നിന്നും വഴിമാറി അധികാരത്തിനും പണത്തിനും വേണ്ടിയുള്ള സഞ്ചാരമായി മാറിയപ്പോഴാണു അതു മനുഷ്യരെ തമ്മിൽ അകററാനും പോരാടാനും ഇടയാക്കിയതു്. രാഷ്ട്രീയക്കാരനു ജനനന്മയല്ല, തൻെറ നിലനില്പാണ്—തൻെറ പാർട്ടിയുടെ നിലനില്പാണു പ്രധാനം എന്നുവന്നു. അങ്ങനെ രാഷ്ട്രീയക്കാരനു സ്വത്വം നഷ്ടപ്പെട്ടു. സഹജമായ മനുഷ്യത്വത്തിൻെറ സ്ഥാനത്തു താൻ ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ വക്താവ് എന്ന മിഥ്യയെ പ്രതിഷ്ഠിച്ചു. ആ മിഥ്യയെ തൻെറ സ്വത്വം ആയി തെററിദ്ധരിച്ചതുകൊണ്ടു തൻെറ നിലനില്പു് ആ രാഷ്ട്രീയപാർട്ടിയുടെ നിലനില്പായി കാണുന്നു. അതിനുവേണ്ടി എന്തും ചെയ്യുവാൻ മടിയില്ലാത്തവനായി കോപ്പുകൾ കൂട്ടുന്നു. അതിൻെറ പ്രതിഫലനമാണു രാഷ്ട്രീയക്കാരനിൽ കാണുന്ന സംഭ്രാന്തി. തൻെറ സ്വത്വം കണ്ടെത്തി അതിൽ ഉറച്ചുനിന്നുകൊണ്ടു രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും കാണുമ്പോൾ മാത്രമേ സംഭ്രാന്തിയില്ലാതെ ജനനന്മയ്ക്കായി പ്രവർത്തിക്കാൻ കഴിയൂ.

ദേശവും ഭാഷയും ചേർന്ന് പ്രാദേശികത എന്ന 'മിഥ്യ'യാണു മനുഷ്യൻെറ സ്വത്വത്തിൽ ആരോപിച്ചിരിക്കുന്നതു്. അതു

കൊണ്ടു മലയാളം സംസാരിക്കുന്ന കേരളക്കാരൻ മലയാളിയായി, തമിഴ സംസാരിക്കുന്ന തമിഴ്നാട്ടുകാരൻ തമിഴനായി, കന്നഡ സംസാരിക്കുന്ന കർണ്ണാടകക്കാരൻ കന്നഡക്കാരനായി, തെലുങ്കു സംസാരിക്കുന്ന ആന്ധ്രാക്കാരൻ തെലുങ്കനായി, പഞ്ചാബുകാരൻ പഞ്ചാബിയായി—മനുഷ്യൻ അല്ലാതായി. അതുകൊണ്ടു തന്റെ നിലനില്പു പ്രാദേശികതയുടെ നിലനില്പായി ഓരോരുത്തരും കാണാനിടയാകുന്നു. അതിനുവേണ്ടി സർവവും ത്യജിക്കാനും എന്തുചെയ്യുവാനും മടിയില്ലാത്തമിഥ്യാഭിമാനിയായി മാറി. ആ മിഥ്യാഭിമാനമാണു പ്രാദേശികതാവാദമായി സംഹാരരൂപംപൂണ്ടു ഭാരതത്തിന്റെ അഖണ്ഡതയെ കാർന്നുതിന്നുന്നതു്.

ഇത്തരത്തിലുള്ള സങ്കുചിതമായ ഒട്ടേറെ 'മിഥ്യ'കളെ പുണർന്നാണു ഇന്നു മനുഷ്യൻ ജീവിക്കുന്നതു്. ഈ മിഥ്യകളിൽ നിന്നും മനുഷ്യനെ ഉണർത്താൻ മതത്തിനു ശക്തിയുണ്ടു്. എന്നാൽ മതത്തിന്റെ ഇന്നത്തെ സ്ഥിതി മേല്പറഞ്ഞ എല്ലാ മിഥ്യകളേക്കാളും ബീഭത്സമാണു്. യഥാർത്ഥമതത്തിന്റെ സ്ഥാനത്തു മതാഭാസം എന്ന മിഥ്യയാണിപ്പോൾ ഉള്ളതു്.

മതത്തിന്റെ ഉദയംതന്നെ, മനുഷ്യൻ തന്റെ സഹജസ്ഥിതി കണ്ടെത്താൻ നടത്തിയ അന്വേഷണത്തിൽ നിന്നാണു്. നിരന്തരമായ മനനത്തിൽക്കൂടി തെളിഞ്ഞുകിട്ടിയജ്ഞാനമാണു മതത്തിന്റെ സത്ത. അതു മനുഷ്യന്റെ സ്വത്വം വെളിപ്പെടുത്തിത്തരുന്നതാണു്. എന്നാൽ, പ്രവാചകന്മാർക്കും, ആചാര്യന്മാർക്കും, ഗുരുക്കന്മാർക്കും, ഋഷിമാർക്കും, വെളിപ്പെട്ട ആ ജ്ഞാനം സാമൂഹികപ്രസക്തിയുള്ള മതമായി മാറിയപ്പോൾ ഒട്ടേറേ 'മിഥ്യ'കൾ അതിൽ കടന്നുകൂടി, കാലാന്തരത്തിൽ 'മിഥ്യ'കൾ യഥാർത്ഥമതത്തിന്റെ സ്ഥാനത്തു് ഇരുപ്പുറപ്പിച്ചു. അങ്ങനെ യഥാർത്ഥമതം മിഥ്യാമതമായി–മതാഭാസമായി മാറി. മതബോധമില്ലാതെ മിഥ്യാബോധത്തിൽ ഭ്രമിച്ചുപോയ ജനതയുടെ സ്വത്വം നഷ്ടപ്പെട്ടു.

അരുളും, അൻപും അനുകമ്പയും നിറഞ്ഞ മനുഷ്യത്വത്തെയാണു മതത്തിന്റെ പൊരുളായി ആചാര്യന്മാർ വെളിപ്പെടുത്തിത്തന്നതു്. അരുളൻപനുകമ്പ മൂന്നിനും പൊരുളായിരിക്കുന്ന ആ പരമസത്യമാകുന്ന സിംഹാസനത്തിലിരുന്നുകൊണ്ടാണു 'നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുക' പണിയെടുക്കുന്നവന്റെ വിയർപ്പാറുന്നതിനുമുമ്പായി അവനു വേതനം നല്കു

ക്' സർവഭൂതവുമാത്മാവിൽ ആത്മാവിനെയുമങ്ങനെ സർവഭൂതത്തിലും കാണുന്നവനെന്നുള്ള നിന്ദ്യമായ്'' 'അരുളുള്ളവനാണു ജീവി' എന്നിങ്ങനെ അവർ ഉദ്ഘോഷിച്ചതു്. മതാനുയായികൾ അതു ചെവിക്കൊള്ളാതെ വന്നപ്പോൾ ആ മഹാമതികൾ സിംഹാസനം വിട്ടിറങ്ങിപ്പോയി. സിംഹാസനം വിട്ടിറങ്ങിയപ്പോൾ ആചാര്യന്മാർ മാത്രമല്ല പോയതു്, അവർ കണ്ടെത്തിയ അരുളൻപനുകമ്പ മൂന്നിനും പൊരുളായ മനുഷ്യത്വം കൂടി സിംഹാസനം വിട്ടുപോയി—മനുഷ്യനെ വിട്ടുപോയി. പിന്നീടവശേഷിച്ചതു സിംഹാസനത്തിന്റെ ചട്ടക്കൂടു മാത്രം. അതാണിന്നത്തെ മതം—ഇന്നത്തെമനുഷ്യൻ. ചക്രവർത്തിയില്ലാത്ത സിംഹാസനമാണിന്നതു്. അവിടെ ചക്രവർത്തിയെ–മനുഷ്യത്വത്തെ–തിരികെ പ്രതിഷ്ഠിക്കുമ്പോൾമാത്രമേ മതം യഥാർത്ഥ മതമാകൂ.മനുഷ്യൻ മനുഷ്യത്വമുള്ള യഥാർത്ഥ മനുഷ്യൻ ആകൂ.

മനുഷ്യത്വം മാഞ്ഞുപോയ മനുഷ്യൻ (മൃഗം) അനേകം മിഥ്യാധാരണകളെ, സങ്കല്പങ്ങളെ മെനഞ്ഞു താൻ മനുഷ്യനാണെന്നു ഭാവിച്ചു മൃഗങ്ങളെപ്പോലെ ജീവിക്കുന്നു.

''അരുളില്ലയതെങ്കിലസ്ഥിതോൽ
സിര നാറുന്നൊരുടമ്പു താനവൻ;
മരുവിൽ പ്രവഹിക്കുമമ്ബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം.''

(അനുകമ്പാദശകം–4)

നമുക്കു നമ്മിലെ മനുഷ്യനെ കണ്ടെത്തണം. യഥാർത്ഥമനുഷ്യനിൽ ആരോപിച്ചിരിക്കുന്ന മതാഭിമാനം രാഷ്ട്രീയഭിമാനം പ്രാദേശികഭിമാനം ജാത്യഭിമാനം തുടങ്ങിയുള്ള മിഥ്യകളെ വലിച്ചെറിയുക. അപ്പോൾ അവിടെ മനുഷ്യനും മനുഷ്യത്വവും ഉണ്ടാകും. അങ്ങനെ മനുഷ്യനും മനുഷ്യനും തമ്മിൽ സൗഹൃദം പങ്കുവെയ്ക്കാം. മതവും, രാഷ്ട്രീയവും, പണവും പദവിയും ഒന്നും അതിനുവിലങ്ങുനില്ക്കില്ല മനുഷ്യനാണു് എല്ലാററിന്റെയും മാനമായിരിയ്ക്കേണ്ട കേന്ദ്രബിന്ദു. അത്തരത്തിലൊരു പുതിയ മാനവികതയുടെ പ്രതീക്ഷ ഇനിയും അസ്ഥാനത്തല്ല

മനുഷ്യജീവിതത്തെ ഇന്നു ഭരിക്കുന്നതു ഭയവും അവിശ്വാസവുമാണു്. ഭയമാണു മനുഷ്യനെ അകററിനിറുത്തി കലഹിപ്പിക്കുന്നതു്. മനുഷ്യരെല്ലാം ഒന്നാണെന്ന ബോധമില്ലാത്ത

താണു ഭയത്തിനു കാരണം. ഭയം മാറിയാൽ മനുഷ്യനും മനുഷ്യനും തമ്മിൽ സ്നേഹിക്കാനും വിശ്വസിക്കുവാനും മാത്രമേ കഴിയൂ. അവിടെ മനുഷ്യനും മനുഷ്യനും തമ്മിൽ സൗഹൃദം മാത്രം. മനുഷ്യർ തമ്മിൽ സൗഹൃദമായാൽപിന്നെ മതസൗഹാർദ്ദമെന്തിന്? രാഷ്ട്രീയൈക്യം എന്തിന്? ദേശീയൈക്യം എന്തിന്?

കന്യാകുമാരി മുതൽ കാശ്മീർ വരെ റെയിൽപ്പാതയുണ്ടാക്കി ട്രെയിൻ ഓടിച്ചാൽ ദേശീയ ഐക്യമാവുകയില്ല. കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള ജനങ്ങളുടെ ഹൃദയത്തിലിരുന്നു 'ഞാൻ മനുഷ്യനാണ്' എന്ന ബോധം അവനെ ഉണർത്തണം. ഭൂമണ്ഡലത്തിലുള്ള സകല മനുഷ്യൻെറയും ഹൃദയം ആ ബോധത്തിൽ ത്രസിക്കുമ്പോഴാണു പുതിയ മാനവികതയുണ്ടാകുന്നതു്.

# നാദബ്രഹ്മം

**ത്യാഗി**

കാണുന്നതു കേൾക്കുന്നില
കേൾക്കുന്നതു കാണുന്നില
കാണുന്നതു കണ്ണിൽ
കേൾക്കുന്നതു കാതിൽ
കാണുന്നതിൽ ചന്തം
കേൾക്കുന്നതിലിമ്പം. കാണുന്നതു......

സ്വരൂപമതാം ചന്തം
അംബരമതിൽ നാദം
സ്വരൂപമതിൽ ഗീതം
അംബരസ്വരൂപമതിൽ
ആനന്ദനാദബ്രഹ്മം കാണുന്നതു......

നാദമതിൽ ചൈതന്യം
ബ്രഹ്മമതാം നിത്യൻ
നാദബ്രഹ്മമതു ഗുരുവാം
നിത്യചൈതന്യം. കാണുന്നതു......

# ഒരു വിശദീകരണം

കഴിഞ്ഞ ലക്കം ഗുരുകുലം മാസികയിൽ (1993 ഒക്ടോബർ) കുടുംബയോഗത്തെപ്പററി നല്കിയ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ 'നാരായണമൂർത്തേ' എന്നു തുടങ്ങുന്ന ഗുരുസ്തുതിയിൽ തത്ത്വവിരോധമായ ചിലതൊക്കെയുള്ളതുകൊണ്ട് അതൊഴിവാക്കുന്നതാണു നല്ലതു് എന്നെഴുതിയിരുന്നതു നാരായണഗുരുഭക്തരായ പലർക്കും ആശയക്കുഴപ്പം വരുത്തിയിട്ടുള്ളതായി മനസ്സിലാക്കുന്നു. അതു സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളും വരുന്നു. അതുകൊണ്ടു വൈമനസ്യത്തോടുകൂടിയെങ്കിലും ചില കാര്യങ്ങൾ പറയാതെ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു.

പ്രസ്തുത ഗുരുസ്തുതി എഴുതിയതു കുമാരനാശാനാണ്. ഒരു മഹാകവിയെന്ന നിലയിൽ കുമാരനാശാനെ അങ്ങേയററം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുമ്പോൾ തന്നെ, നാരായണഗുരുവിലെ ഗുരുവിനെ വേണ്ടവണ്ണം കണ്ടെത്താൻ ആശാനു കഴിയാതെപോയി എന്ന പരാതി ഞങ്ങൾക്കുണ്ടു്. ഗുരുപരമ്പരയിൽപ്പെട്ട നടരാജഗുരു, ഗുരു നിത്യചൈതന്യയതി എന്നിവരും ഇതേ അഭിപ്രായം എത്രയോ തവണ പറയുന്നതു കേൾക്കുവാനും ഇടയായിട്ടുണ്ടു്.

1. ഈ സ്തുതി ആദ്യകാലത്തു പ്രസിദ്ധീകരിച്ചിരുന്നതു് 'ഒരു സമാജസ്തുതി' എന്ന പേരിലാണ്. ഗുരുവിൻെറ ഷഷ്ടിപൂർത്തിയവസരത്തിൽ ഒരു സമാജം നടത്തിയ സ്തുതി എന്നർത്ഥം. 'തുമ്പോടിനിയും വാഴ്ക ശതാബ്ദം ഗുരുമൂർത്തേ' എന്നവസാനിക്കുന്ന അവസാന ശ്ലോകം ഗുരുവിൻെറ കാലശേഷം ചൊല്ലാറുമില്ല. ഈ സമാജം എസ്. എൻ. ഡി. പി. യോഗമല്ലാതെ മററൊന്നല്ല. അതായതു് ഒരു പ്രത്യേക സമുദായം ഗുരുവിനെ സ്തുതിക്കുന്നതാണിതു്. സ്തുതിക്കുന്നവരുടെ സാമുദായിക മനസ്ഥിതിക്കല്ല, സ്തുതിക്കപ്പെടുന്നവൻെറ സർവാശ്ലേഷിയായ വീക്ഷണത്തിനാണല്ലോ ഏതു സ്തുതിയിലും പ്രാധാന്യം നല്കേണ്ടതു് എന്നു പറയേണ്ടതില്ലല്ലോ. ആ തത്ത്വം ഈ സ്തുതിയിൽ പാലിച്ചിട്ടില്ല. ''ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ യോഗം''

എന്നതിലെ യോഗവും മറ്റൊന്നല്ല. എസ്. എൻ. ഡി. പി. യോഗം ഒരു സമുദായസംഘടനയല്ല എന്ന് അതിൻെറ ഭാരവാഹികൾ അവകാശപ്പെട്ടമെങ്കിലും, യോഗത്തിനു ജാത്യഭിമാനം വർദ്ധിക്കുകയാലാണല്ലോ, യോഗത്തെ മനസ്സിൽ നിന്നുപോലും കളഞ്ഞിരിക്കുന്നു എന്നു സങ്കടത്തോടുകൂടി ഗുരുവിനു പറയേണ്ടി വന്നതു്.

2. 'അന്യക്കു ഗുണംചെയ്‌വതിനായുസ്സുവപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ'

എന്ന വരികളിൽ വളരെയധികം തത്ത്വവിരോധമുണ്ടു്. ഗുരു ആരെയും അന്യരായിക്കണ്ടിട്ടില്ല. ആത്മസഹോദരരായേ കണ്ടിട്ടുള്ളു. സർവ്വഭൂതങ്ങളെയും തന്നിലും തന്നെ സർവ്വഭൂതങ്ങളിലും കാണുന്ന ഏകത്വദർശനമാണു ഗുരുവിനുള്ളതു്.

ധന്യതയോടുകൂടി ആത്മതപസ്സിനെ ബലിചെയ്തു എന്നു പറഞ്ഞിരിക്കുന്നു. നാരായണഗുരുവിനെപ്പോലെയുള്ള മഹാഗുരുവിൻെറ ഏകശക്തിയും ഏകധനവും തപസ്സാണു്. അതിനെ ബലിചെയ്തു, എന്നു മാത്രമല്ല, അതു ധന്യതയോടുകൂടി ചെയ്തു എന്നുമാണു പറഞ്ഞിരിക്കുന്നതു്. ഈ പരാമർശം ഗുരുവിനെ മനസ്സിലാക്കാത്തതുകൊണ്ടു് ഉണ്ടായിപ്പോയതാണെന്നു പറഞ്ഞുകൊള്ളട്ടെ. ഈ വാക്കുകൾക്കു് അങ്ങനെയുള്ള അർത്ഥമൊന്നുമില്ലെന്നും മരുത്വാമലയിൽ നിന്നു തപസ്സു കഴിഞ്ഞു താഴെയിറങ്ങി എന്നേ അർത്ഥമുള്ളു എന്നുമൊക്കെ പറഞ്ഞേക്കാം. പക്ഷെ ഗുരുവിൻെറ തപസ്സു മരുത്വാമല വിട്ടതോടുകൂടി തീർന്ന ഒന്നല്ല. ആ ജീവിതം മുഴുവൻ നിറഞ്ഞുനിന്നതു തപസ്സാണു്. അതു കണ്ടെത്താൻ കുമാരനാശാനു കഴിയാതെപോയി എന്ന പരാതി ഞങ്ങൾക്കുണ്ടു്.

3. പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോ-
ടൊന്നൊരു മതവും പൊരുതാലൊടുങ്ങുവീല;
പരമതവാദിയിതോർത്തിടാതെ പാഴേ
പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധി വേണം.

എന്നു കാരുണ്യപൂർവം മതപ്പോരുകാരോടു് ഉപദേശിച്ച ഗുരുവിനെപ്പററിയല്ലേ,

'വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ'

എന്നു പറഞ്ഞിരിക്കുന്നതു? മതപ്പോരുകൾ കണ്ടിട്ടു ഗുരു മല പോലെ മോദസ്ഥിതനായിരുന്നോ? ഇരിക്കാൻ സാധിക്കു മോ? എത്ര താല്പര്യത്തോടുകൂടിയാണു ഗുരു അത്തരം പ്രശ്നങ്ങളെ സമീപിച്ചിരുന്നതെന്നും അഭിപ്രായപ്രകടനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുള്ളതെന്നും ഗുരുവിൻെറ ചരിത്രം പഠിച്ചിട്ടുള്ളവരോടു പറയേണ്ട കാര്യമില്ലല്ലോ. മതഭേദം കൈ വിടുന്നതുകൊണ്ടു ഗുരുവിനുണ്ടായതു മലപോലെയുള്ള നിഷ് ക്രിയത്വമല്ല; സർവ്വമതസമ്മേളനം നടത്തി, എല്ലാ മതസ്ഥർക്കും അങ്ങോട്ടുമിങ്ങോട്ടും അറിയാനും അറിയിക്കാനുമുള്ള അവസ രമുണ്ടാക്കിക്കൊടുക്കുന്നതുവരെയുള്ള ക്രിയാത്മകതയാണ്. ഈ ക്രിയാത്മകതകൊണ്ടൊന്നും ഗുരുവിൻെറ തപസ്സിനു് ഒരു കോട്ട വും തട്ടിയിട്ടുമില്ല. ഗുരുവിൻെറ തപസ്സിൻെറ പക്വഫലങ്ങളാ യിരുന്നു ഇമ്മാതിരി സംഭവങ്ങളെല്ലാം.

ഇത്രയുമൊക്കെ കാര്യങ്ങൾ ഉള്ളതുകൊണ്ടാണു മേല്പറഞ്ഞ സ്തുതിയിൽ തത്ത്വവിരോധമായ ചിലതൊക്കെയുണ്ടു് എന്നു ഞങ്ങൾ എഴുതിയതു്.

ഒരു സമുദായത്തിൻെറയോ എസ്. എൻ. ഡി. പി. യോ ഗത്തിൻെറയോ കാഴ്ചപ്പാടിൻെറയും താല്പര്യത്തിൻെറയും ഇടു ങ്ങിയ വൃത്തത്തിനുള്ളിൽ നിറുത്തി നാരായണഗുരുവിനെ നാരാ യണഗുരുകുലം കാണുന്നില്ല എന്നതു് ഇവിടെ വ്യക്തമാക്കി ക്കൊള്ളട്ടെ.

സ്വാമി മുനി നാരായണപ്രസാദു്.

സൗജന്യ വിദഗ്ദ്ധവൈദ്യപരിശോധന!
ഗുരുദേവ് സ്ക്വയർ കായിക്കര കടവ്, കായിക്കര.
ചാവർകോട് ആയുർവ്വേദ ഫാർമസി
CHAVARCODE AYURVEDA PHARMACY
GURUDEVA SQUARE, KAIKARA, PINCODE: 695307 Tel: 3723 (VAKKOM)
THIRUVANANTHAPURAM, KERALA STATE, S. INDIA
തിരുവനന്തപുരം ഹെഡ് ആഫീസായ ശ്രീ ധന്വന്തരിമഠത്തിൻെ
അംഗീകൃത ഏജൻസി (No. D 53)
പ്രഗത്ഭരായ വൈദ്യന്മാർ
പ്രൊഫ: ഡോ. കെ മാധവൻനായർ. ഡോ. ആർ തമ്പിരാജ്
ഡോ. (ശ്രീമതി) ജോയിമോൾ മണി

# കേരളത്തിലെ വിദ്യാഭ്യാസം

## നിത്യചൈതന്യയതി

### 1. പരിഗണിക്കേണ്ടുന്നതായ സവിശേഷതകൾ:

കേരളത്തിലെ വിദ്യാഭ്യാസം ഒരു ചർച്ചാവിഷയമായെടുക്കുമ്പോൾ ഇൻഡ്യൻ യൂണിയനിലെ ഒരു സ്റ്റേററ് മാത്രമായിരിക്കുന്ന കേരളത്തിനു് അതിൻേറതായ ഒരു വിദ്യഭ്യാസവ്യവസ്ഥ ഉണ്ടാക്കുവാൻ പല സാങ്കേതികതടസ്സങ്ങളും ഉണ്ടാകും. അതിൽ ചിലതു് ഇവിടെ എടുത്തു പറയട്ടെ. 1986-ൽ ന്യൂ എഡ്യൂക്കേഷൻ പോളിസി (എൻ. ഇ. പി.) കേന്ദ്രസർക്കാർ രാജ്യമൊട്ടാകെ ചർച്ചക്കായി അയച്ചുകൊടുക്കുകയുണ്ടായി. ഈ പുതിയ വിദ്യാഭ്യാസസങ്കല്പം അന്നു് ഇൻഡ്യയിലാകമാനം ചർച്ച് ചെയ്യുകയും എൻ. ഇ. പിയിൽ പറഞ്ഞിരുന്ന പല പരിഷ്കാരങ്ങളിലും രാജ്യമാകമാനം അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ഡൽഹിയിലെ വിദ്യാഭ്യാസമന്ത്രാലയത്തിൽ ഏററവും ഉന്നതമായ അധികാരസ്ഥാനത്തുവച്ചിരിക്കുന്നതു് സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷൻ (സി. എ. ബി. ഇ) ആണ്. ഇപ്പോൾ തന്നെ കേരളത്തിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കൻററി എഡ്യൂക്കേഷൻ (സി. ബി. എസ്സ്. ഇ) സിലബസ്സും സർട്ടിഫിക്കേഷനും അനുസരിച്ചു നടത്തുന്ന വിദ്യാലയങ്ങൾ ഉണ്ടു്. അതിനു പുറമെ കേന്ദ്രീയ വിദ്യാലയങ്ങളും നവോദയാ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. ആ സ്ഥിതിക്കു കേരളത്തിനു മാത്രമായുള്ള ഒരു വിദ്യാഭ്യാസപരിഷ്കാരമുണ്ടാക്കുവാൻ നാം ആഗ്രഹിക്കുന്ന പക്ഷം ഈ വിഷയത്തിൽ സ്റ്റേററും കേന്ദ്രവും തമ്മിലുള്ള ധാരണ എന്തായിരിക്കണം? അതിനുള്ള വ്യവസ്ഥകൾ എന്തെക്കെയായിരിക്കണം? അവ ആരു് എങ്ങനെ ചെയ്യണം? എന്നെല്ലാം വ്യക്തമായിത്തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു.

രാജ്യത്തിനാകമാനം പ്രയോജനപ്പെടണം എന്നു കരുതി ഉണ്ടാക്കിയിട്ടുള്ള നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷ

ണൽ റിസച്ച് ആൻറ് ട്രെയിനിംഗ് (N. C. E. R. T) എടുക്കുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും കേരളത്തിനും ബാധകമാണ്. നവോദയാ വിദ്യാലയങ്ങളിൽ പ്രത്യേക കഴിവുകളുള്ള വിദ്യാത്ഥികറംക്ക സാമ്പത്തികമായ പലമാതിരി ആനുകൂല്യങ്ങളും മററും കൊടുത്തു് അവരെ ഒരു ദേശീയപദ്ധതിയനുസരിച്ചു പഠിപ്പിക്കുമ്പോറം, കേരളം അതിനു നൽകുന്നതായ അംഗീകാരം ശ്രദ്ധേയമായി വരുന്നു. ഉയന്ന സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിനു ഖരഗ്പൂർ, ബോംബെ, മദ്രാസ്, കാൺപൂർ, ഡൽഹി എന്നിവിടങ്ങളിൽമാത്രം ഇപ്പോറം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഐ. ഐ. ററികളിൽ തന്നെ കേരളത്തിലെ വിദ്യാത്ഥികറംക്കു പ്രവേശനം കിട്ടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ മുഖ്യമായ ഒരു പ്രക്രിയ കേരളത്തിനു വെളിയിൽ സംഭവിക്കുമ്പോറം, കേരളം അതിലേക്കായി വിദ്യാത്ഥികളെ ഒരുക്കി അയക്കുന്നതെങ്ങനെയെന്ന പ്രധാനമായ പ്രശ്നം നിലനിൽക്കുന്നു. അതുപോലെ ശാസ്ത്രമേഖലയിൽ മൂന്നു് ഇൻഡ്യൻ നാഷണൽ സയൻസ് അക്കാഡമികളുണ്ടു്. അവ ഇൻഡ്യൻ നാഷണൽ സയൻസ് അക്കാഡമി–ഡൽഹി, ഇൻഡ്യൻ അക്കാഡമി ഓഫ് സയൻസ്–ബാംഗ്ലൂർ, നാഷണൽ അക്കാഡമി ഓഫ് സയൻസ്–അലഹബാദ് എന്നിവയാണ്. ന്യായമായി കേരള വിദ്യാത്ഥികറംക്ക് ഈ സ്ഥാപനങ്ങറം അവകാശപ്പെട്ടതാണ്. നാം കേരളത്തിൽ എടുക്കുന്നതായിട്ടുള്ള ഏതു വിദ്യാഭ്യാസപരിഷ്കാരവും ഈ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളിൽ നമ്മുടെ വിദ്യാത്ഥികറംക്ക് അവകാശപ്പെട്ട സ്ഥാനം ലഭിക്കാതിരിക്കാൻ ഇടയാക്കരുതു്. ഉദാഹരണത്തിനു് പ്രൈമറി മുതൽ കോളേജ്‌ലവൽ വരെയുള്ള വിദ്യാഭ്യാസത്തിൻെറ ശിക്ഷണമാധ്യമം നിശ്ചയിക്കുമ്പോറം ഉന്നത വിദ്യഭ്യാസത്തിനു് അതു തടസ്സമാകുമോ എന്നു പ്രത്യേകം ശ്രദ്ധിക്കണം.

അതുപോലെതന്നെ ദ ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസച്ച്, ദ ഇൻഡ്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസച്ച്, ദ ഇൻഡ്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസച്ച്, ദ ഇൻഡ്യൻ കൗൺസിൽ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്നിവ സെൻട്രൽ യൂണിവേഴ്സിററി വിദ്യാത്ഥികറംക്ക മാത്രം ലഭിക്കുന്ന സൗകര്യങ്ങളാണ്. ഈ സെൻട്രൽ യൂണിവേഴ്സിററികളാകട്ടെ,

1. അലിഗർ മുസ്ലീം യൂണിവേഴ്സിററി-അലിഗർ
2. യൂണിവേഴ്സിററി ഓഫ് ഡെൽഹി-ഡെൽഹി
3. യൂണിവേഴ്സിററി ഓഫ് ഹൈദരാബാദ്-ഹൈദരാബാദ്
4. ജവഹർലാൽ നെഹ്രു യൂണിവേഴ്സിററി-ന്യൂഡെൽഹി.
5. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിററി- ന്യൂഡെൽഹി.
6. നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിററി-ഷില്ലോങ്ങ്.
7. വിശ്വഭാരതി–ശാന്തിനികേതൻ.
8. ബനാറസ് ഹിന്ദു യൂണിവേഴ്സിററി–വരണാസി.
9. പോണ്ടിച്ചേരി യൂണിവേഴ്സിററി–പോണ്ടിച്ചേരി.
10. ആസ്സാം സെൻട്രൽ യൂണിവേഴ്സിററി,
11. നാഗാലാൻഡ് സെൻട്രൽ യൂണിവേഴ്സിററി–ഇവരണ്ടും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

ഇതിൽ പ്രാദേശികമായി നോക്കുമ്പോൾ നമുക്ക് അല്പമെങ്കിലും അടുത്തുള്ളതു പോണ്ടിച്ചേരി യൂണിവേഴ്സിററി മാത്രമാണ്. എന്നാൽ മുകളിൽ പറഞ്ഞ പതിനൊന്നു യൂണിവേഴ്സിററികളിലും കേരളാവിദ്യാർത്ഥികൾക്കവസരം ലഭിക്കേണ്ടതാണ്.

അതുപോലെ ഗവണ്മെൻറ് ഓഫ് ഇൻഡ്യ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജുമെൻറുകൾ ആഹമ്മദാബാദ്, ബാംഗ്ലൂർ, കൽക്കട്ട, ലക്നൗ എന്നിവിടങ്ങളിലാണു സ്ഥിതി ചെയ്യുന്നതു്. ഇവയും കേരളാവിദ്യാർത്ഥികൾക്കു പഠനസൗകര്യം കൊടുക്കേണ്ട സ്ഥാപനങ്ങളാണ്. ആകെപ്പാടെ തെക്കെ ഇൻഡ്യക്കാർക്കു കിട്ടിയിട്ടുള്ളതു് ബാംഗ്ലൂരാണ്.

1988-ൽ ഡിപ്പാർട്ടുമെൻറ് ഓഫ് ഇലക്ട്രോണിക്സ് പൂനാ, ഭുവനേശ്വർ, ഹൈദരാബാദ്, ഡൽഹി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ (ഐ. ഐ. ഐ. ററി) കേരളാവിദ്യാർത്ഥികളെ സ്വീകരിക്കാനുള്ള ഉപാധികൾ എന്തൊക്കെയാണെന്നു നിജപ്പെടുത്തണം. ഈ പറഞ്ഞ എല്ലാ സ്ഥാപനങ്ങളിലും കേരളത്തിനുള്ള ക്വോട്ട നിശ്ചയിക്കാനും അതനുസരിച്ച് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാനുമുള്ള അധികൃതരെ നിശ്ചയിച്ചുവയ്ക്കണം.

ഇങ്ങനെ ഇൻഡ്യാരാജ്യത്ത്, കേരളത്തിൽനിന്നും വളരെ അകലെയുള്ള സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെക്കൂടി കണക്കിലെടുക്കാതെ കേരള വിദ്യാഭ്യാ

സത്തിനു സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതു് സംസ്ഥാനത്തിലുള്ള വിദ്യാർത്ഥികൾക്കു് അവിചാരിതമായ പല പ്രയാസങ്ങളും പ്രവേശനത്തിനുള്ള നിഷേധങ്ങളും ഉണ്ടാക്കും. അതുകൊണ്ടു് കേന്ദ്രസർക്കാർ ഏതു ഭരണകക്ഷിയുടേതായാലും വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒരു ഭരണകക്ഷിയുടെയും രാജ്യഭരണ നിയമത്തിനു (Governmental Policy) വേണ്ടി യഥേഷ്ടം മാററിമറിക്കുവാൻ കഴിയാത്തതാണെന്നു് രാജ്യത്തിൻെറ ഭരണഘടനയിൽത്തന്നെ വ്യവസ്ഥചെയ്തു വയ്ക്കേണ്ടതാണു്.

## II മുഖ്യമായ വിദ്യാഭ്യാസനയം

ഒരു ജനാധിപത്യരാജ്യം എന്ന നിലയ്ക്കു നമ്മുടെ ഭരണഘടനയുടെ രണ്ടാം ഭാഗത്തിൽ പൗരന്മാരെപ്പററി പറയുമ്പോൾ ഇൻഡ്യാരാജ്യത്തിൽ ജനിച്ച എല്ലാവരും ഇൻഡ്യൻ പൗരന്മാരാണെന്നു് അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ടു്. മൂന്നു തരത്തിലുള്ള ഇൻഡ്യൻ പൗരന്മാരെപ്പററി പിന്നെ പറയുന്നു:

1. പുറത്തുനിന്നു വന്നു് സ്ഥിരതാമസക്കാരായ പൗരന്മാർ
2. പാകിസ്ഥാനിൽനിന്നു വന്ന അഭയാർത്ഥികൾ
3. ഇൻഡ്യക്കു പുറത്തു താമസിക്കുന്ന ഇൻഡ്യാക്കാർ.

കോൺസ്റ്റിററ്യൂഷൻെറ പാർട്ട്—2 ആർട്ടിക്കിൾ V അനുസരിച്ച് ഇൻഡ്യക്കു ഒരു പൗരത്വമേയുള്ളു. അല്ലാതെ പ്രത്യേക സ്റ്റേററ് സിററിസൺഷിപ്പില്ല. എല്ലാ പൗരന്മാർക്കും ഒരേ അവകാശം, ഒരേ ഉത്തരവാദിത്വം എന്നല്ലാതെ ഏതു സംസ്ഥാനത്തിൽ ഉള്ളവൻ എന്ന സവിശേഷതയില്ല. എന്നിരുന്നാലും ഹിന്ദുലായും ഇസ്ലാമിക് പേഴ്സണൽ ലായും ഇംഗ്ലീഷുകാർ എഴുതിവെച്ച കാനോനിക്കൽ ലായും ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്ന ഇൻഡ്യയിൽ, പൗരത്വത്തെ നിശ്ചയിക്കുന്ന നിയമങ്ങൾ നടപ്പിലാക്കേണ്ടിവരുമ്പോൾ പലമാതിരി വിശേഷങ്ങളോടെ എണ്ണിപ്പോരുന്നു.

## III രാഷ്ട്രവും കുഞ്ഞും,

ഇൻഡ്യാരാജ്യത്തു ജനിക്കുന്ന ഏതു കുഞ്ഞിനും തമ്മിൽ അഭേദവും ഉൽക്കടവുമായ ഒരു ബന്ധവും അവരുടെ പാരസ്പര്യത്തിൽ അധിഷ്ഠിതമായിരിക്കുന്ന പൊതുവായ ശ്രേയസ്സുമുണ്ടു്. ഒരു കുഞ്ഞിനു ലഭിക്കേണ്ടതായ പരിചരണം, ശുശ്രൂഷ, കരുതൽ, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നിവ

യെല്ലാം ശൈശവം മുതൽ വാർദ്ധക്യംവരെ അവനു് എത്തിച്ചുകൊടുത്താലെ അതു് അവനു് ശ്രേയസ്സാമായിരിക്കുകയുള്ളു. ഒരു പൗരനെന്ന നിലയിൽ അവനു് എന്തു ശ്രേയസ്സുണ്ടാകുന്നുവോ അതുകൊണ്ടായിരിക്കും അവൻ രാജ്യത്തിനു നൽകുന്ന അർപ്പണവും സേവനവും രാജ്യത്തിനു ശ്രേയസ്സകരമായി വരുന്നതു്. ഒരു കുഞ്ഞിനു ധൈഷണികവും ധാർമ്മികവും സർഗ്ഗാത്മകവുമായി ഉണ്ടാക്കിക്കൊടുക്കുന്ന നേട്ടത്തിൽക്കൂടിമാത്രമേ രാജ്യത്തിനു സമഷ്ടിയുടെ ഭാഗമായിരിക്കുന്ന പൗരൻെറ നാനാകീർണ്ണമായ കഴിവും ശ്രേയസ്സും രാജ്യത്തിൻെറ സമഷ്ടിയായ ഐശ്വര്യമായി എണ്ണുവാൻ സാധിക്കുകയുള്ളു.

കുഞ്ഞിനെയും രാഷ്ട്രത്തെയും വൈരുദ്ധ്യാത്മകമായ ജീവിതസന്ദർഭത്തിൻെറ ഉഭയകോടികളായി കാണണം. ഇതു് അവരുടെ പാരസ്പര്യത്തിലെ ഏററവും പ്രധാനപ്പെട്ട ഘടകമാണു്. ജനനദിവസംമുതൽ ഇരുപത്തിയഞ്ചോ മുപ്പതോ വയസ്സുവരെ അവക്കു ലഭിക്കുന്ന ശാരീരികവും മാനസികവും വൈകാരികവും വൈചാരികവും സദാചാരപരവും, നൈതികവും ധാർമ്മികവും അദ്ധ്യാത്മവുമായിട്ടുള്ള എല്ലാ വികാസവും സ്റ്റേററു കൊടുക്കണം. അതു പക്ഷപാതരഹിതമായി സ്റ്റേററു വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസത്തിൽക്കൂടിത്തന്നെ വിദ്യാർത്ഥിക്കു ലഭിക്കണം. ശൈശവം, ബാല്യം, കൗമാരം, യൗവനം എന്നീ ദശകളിൽ ഒരു പൗരനുണ്ടാകുന്ന വളച്ച രാജ്യത്തിൻെറ വളച്ചയാണു്. ഒരു പൗരനുണ്ടാകുന്ന തളച്ച രാജ്യത്തിൻെറ തളർച്ചയായിത്തീരും. കുഞ്ഞും രാജ്യവുംകൂടി ഒന്നിച്ചുവളരുന്നു, ഒന്നിച്ചു ശക്തിയാർജ്ജിക്കുന്നു, ഒന്നിച്ചു സംസ്കാരസമ്പന്നമാകുന്നു. ഇവിടെ രാഷ്ട്രത്തിൻെറ പരിരക്ഷണം ലഭിക്കേണ്ടതു് കുഞ്ഞിൻെറ അവകാശവും കൊടുക്കേണ്ടതു് രാഷ്ട്രത്തിൻെ ഉത്തരവാദിത്വവുമാണു്. ഈ അനിഷേധ്യമായ പാരസ്പര്യത്തെ അടിസ്ഥാനമാക്കി വേണം ഏതു വിദ്യാഭ്യാസവ്യവസ്ഥയും നാം ആവിഷ്കരിക്കുവാൻ.

## IV വിദ്യാഭ്യാസം (a) ആരുടെ കുഞ്ഞിനു്? (b) കൊടുക്കുന്നതാരു്?

വേറൊരു രാജ്യത്തു് ഇരുന്നുകൊണ്ടു് സമൂഹം എന്നു പറയുന്നതുപോലെയല്ല ഇൻഡ്യയിലിരുന്നുകൊണ്ടു് സമൂഹം എന്നു പറയുന്നതു്. ഇൻഡ്യയിൽ ഒരു കുഞ്ഞു് ജനിച്ചുവീഴമ്പോഴും ത്തന്നെ അവൻെറ മതം നെററിയിൽ എഴുതി പതിപ്പിച്ചു കഴി

ഞ്ഞു. ജനിക്കുമ്പോഴുതന്നെ ക്രിസ്ത്യാനിക്കും മുസ്ലീമിനും പേരിടൽ കർമ്മം ഉടനടി നടത്തേണ്ടി വരുന്നു. ഒരിക്കൽ അഹമ്മദ് കാസിമോ, അബൂബേക്കറോ, ജമീലയോ നഫീസയോ ആയാൽ അവർ ഒരു പ്രത്യേക സമൂഹത്തിൽ മാത്രം പെട്ടവരായിത്തീരുന്നു. ബാപ്‌റ്റിസം കഴിയുന്നതോടെ ജോൺമത്തായിയോ, ജേക്കബ്‌കുര്യാക്കോസോ, അന്നമേരിയോ, ഏലിയാമ്മയോ ആയവരുടെ സമൂഹത്തോട് അവരുടെ സമൂഹം ഒരു തരത്തിലും ബന്ധപ്പെടുകയില്ല. ഒരുവൻ ജനിച്ചതു ബ്രാഹ്മണനായിട്ടാണ് എന്നു പറയുന്നതുകൊണ്ടു കഥയില്ല. അയാൾ നമ്പൂതിരിയാണോ, പ്രഭുവാണോ, റാവുവാണോ, അയ്യങ്കാരാണോ, വഡമ അയ്യങ്കാരാണോ തെങ്കലയാണോ, എന്ന പരിഗണനകളൊക്കെ സമൂഹത്തിൽ വളരെവലിയ അകലങ്ങളുണ്ടാക്കുന്നവയാണ്. കേരളത്തിൽവന്ന് ഈഴവനായി ജനിച്ചാൽ ഒരു ജന്മത്തേക്ക് അവൻ നായരുടെ വിരോധിയായിരിക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. പാടത്തു പണിയെടുക്കുന്ന പറങ്ങോടൻെറ പറയിക്കും മക്കൾക്കും ശിവസുബ്രഹ്മണ്യത്തിൻെറ പുഞ്ചപ്പാടം അടിച്ചൊരുക്കി മുണ്ടകൻ വിതയ്ക്കാമെന്നല്ലാതെ ഹിന്ദുവായി ജനിച്ചതിൻെറ യാതൊരു പ്രയോജനവും ഈ ജന്മം കിട്ടുകയില്ല.

എന്തിനു കോൺഗ്രസ്സുകാരൻെറ വീട്ടിൽ വന്നു ജനിച്ചാൽ അവനു സി. പി. ഐ. നിഷിദ്ധമാണ്. സി. പി. ഐ ക്കാരനു സി. പി. എം. അയിത്തമുള്ളതാണ്. എന്തിന്, സി. പി. എം കാരനു തന്നെ സി. പി. എം. എൽ ആയിക്കഴിഞ്ഞാൽ പിന്നെ നിഗ്രഹസ്ഥാനത്തു് എത്തിയവനാണ്. അവനെ വർജ്ജിക്കേണ്ടതാണ്. സമൂഹം ഇങ്ങനെ നൂറു തുണ്ടായി കിടക്കുമ്പോൾ ഇതിലെ ഏതു ഘടകത്തിൽ വന്നു ജനിച്ച ഏതു കുഞ്ഞിനുവേണ്ടിയാണു വിദ്യാഭ്യാസം ഒരുക്കിവയ്ക്കേണ്ടതു്? ആരാണു വിദ്യാഭ്യാസം ആവിഷ്കരിച്ചുകൊടുക്കേണ്ടതു്? ഇതുപോലെ രൂക്ഷമായ വ്യത്യാസങ്ങൾ ക്രിസ്ത്യൻ സഭയുടെ ഇടയിലും മുസ്ലീം എന്നെണ്ണുന്ന സമൂഹത്തിൻെറ ഇടയിലും വളരെ രൂക്ഷമായിത്തന്നെ നിലനില്ക്കുന്നു. അതുകൊണ്ടു സമൂഹം എന്നു വിളിക്കുന്നതിന് ഏതെല്ലാം താല്പര്യങ്ങളിലുള്ള ഐക്യത പരിഗണിക്കണമെന്നും അവരെ ഏകീകരിച്ച് ഒരു സമൂഹമാക്കുന്നതെങ്ങനെയെന്നും പറയണം. അതിനുവേണ്ടി, ജന്മം കൊണ്ടുവന്ന എല്ലാ മുൻവിധിയും മാററി, ഏതു കുടുംബത്തിൽ പിറന്ന കുഞ്ഞിനേയും മനുഷ്യനാക്കുവാനുള്ള താല്പര്യം ആരിലാണ് ഉണ്ടാകേ

ണ്ടതു്? ആ ഉത്തരവാദിത്വം ആരേറെറടുക്കും? ഇതു നാം ആദ്യമേ തീരുമാനിക്കേണ്ടതാണു്. ആയിരമേക്കർ റബ്ബർതോട്ടമുള്ളവൻെറ മകനു ലോകത്തു് എവിടെ നിന്നുവേണമെങ്കിലും വിദ്യാഭ്യാസസൗകര്യം കിട്ടുമെന്നിരിക്കുമ്പോൾ ആദിവാസികളും ഷെഡ്യൂൾ കാസ്റ്റുകാരനും എവിടെ വിദ്യാഭ്യാസം നേടുവാൻ കഴിയും? ഒരു സക്കാർ, പിന്നോക്കസമുദായക്കാരനും പ്രത്യേകമായ മതന്യൂനപക്ഷക്കാരനും സംവരണം കൊടുക്കുമ്പോൾ അവരെല്ലാം ഒരു സമൂഹത്തിൽ തന്നെയല്ലെ. എന്നാൽ അങ്ങനെ ഒരു ഐക്യത അവരിൽ അല്പമെങ്കിലും കാണാനുണ്ടോ? സമൂഹം പിന്നെയും നാനാത്വത്തിൽ ബന്ധനസ്ഥരായി കിടക്കുകയാണു്.

ആദ്യം തന്നെ ചോദിക്കേണ്ടിവരുന്ന ചോദ്യം, നാമിപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന സമ്പ്രദായം കുഞ്ഞിൽ നിന്നും പുടപാകം ചെയ്തു പുറത്തുകൊണ്ടുവരുന്നതു് ഒരു പൂർണ്ണമനുഷ്യനെയാണോ, സാമ്പത്തിക ഭദ്രതയുള്ള അടിമയെയാണോ, അതോ പഠിത്തം എന്ന ശിക്ഷ സഹിക്കാനാവാതെ ഓടിപ്പോയി വനമോഷ്ടാവായിത്തീരുന്ന വീരപ്പനെയാണോ? ഇവിടെ മുഖ്യമായ ഒരു പ്രശ്നം, വിദ്യാഭ്യാസം നൽകുന്നതിനുള്ള ഉത്തരവാദി ആരാണ് എന്നു നിശ്ചയിക്കുന്നതാണു്. സർക്കാരിനാൽ നിയമിതനാകുന്ന ഒരു ശമ്പളക്കാരനായിരിക്കുമോ ആ ഉത്തരവാദി? അതോ മനുഷ്യവർഗ്ഗത്തിൻെറ നാളയെപ്പററി ഒട്ടേറെ പ്രതീക്ഷകളും ആയോജനകൗതുകവുമുള്ള ഒരു മനുഷ്യസ്നേഹിയായിരിക്കുമോ? ഒരു മനുഷ്യസ്നേഹിക്കാണു നാളത്തെ കുഞ്ഞിൻെറ ശാരീരികമായ പരിപോഷണത്തിനും ബൗദ്ധികമായ വളച്ച്ക്കും നൈതികമായ വീക്ഷണത്തിനും സാങ്കേതികമായ കരവിരുതിനും സാഹിത്യാസ്വാദനത്തിനുള്ള സഹൃദയത്വത്തിനും, കലാവിഷ്കാരത്തിനുള്ള സർഗ്ഗവൈഭവം വളർത്തിയെടുക്കുവാനും ശാസ്ത്രസാങ്കേതികതയിലുള്ള പരിജ്ഞാനം ഉണ്ടാക്കിക്കൊടുക്കുവാനും നിയോഗമുണ്ടാകുന്നതെങ്കിൽ അവക്കു് ഈ ഭാഗധേയം സക്കാർ വിട്ടുകൊടുക്കുമോ? ലോകവിദ്യാഭ്യാസത്തെ മുഴവനും മുമ്പിൽ വച്ചുകൊണ്ടു് അതിനിണങ്ങത്തക്കവണ്ണം നടപടി എടുക്കുവാൻ കഴിയുമോ?

ഇപ്പോൾ നമ്മുടെ മുമ്പിലിരിക്കുന്ന വ്യവസ്ഥ നോക്കുകയാണെങ്കിൽ ഈ പറഞ്ഞതെല്ലാം നിരത്ഥകമാണു്. ഭരണഭാര

ത്തിൻെറ അധികാരം കയ്യാളാൻ കഴിയാത്ത ഒരാൾ എന്തുതന്നെ സ്വപ്നം കണ്ടാലും അതു സ്വപ്നത്തിൻെറ കരടുപത്രമേ ആയിരിക്കുകയുള്ളു എന്നതുകൊണ്ടു് അതിൻെറ ആവിഷ്കാരംതന്നെ അനാവശ്യമാണു്. അതുകൊണ്ടു മാർക്സിസ്റ്റു സംവാദത്തിൽ ഏതു സമുദായത്തിലെ ഏതു കുഞ്ഞിനു് ആരു്, ഏതു വിദ്യാഭ്യാസം ആയോജനം ചെയ്യുന്നതിനാണു് ഇപ്പോൾ തുനിഞ്ഞിരിക്കുന്നതു് എന്ന വസ്തുത ആദ്യം തന്നെ സുതരാം വ്യക്തമാക്കേണ്ടതാണു്.

## V a. നിലവിലിരിക്കുന്ന സമൂഹം
## b. ആയിത്തീരേണ്ട സമൂഹം.

ജാതികൊണ്ടും മതംകൊണ്ടും തൊഴിൽതാല്പര്യം കൊണ്ടും സംസ്കാരംകൊണ്ടും വിദ്യാഭ്യാസംകൊണ്ടും സംസാരിക്കുന്ന ഭാഷകൊണ്ടും ആഹാരരീതികൊണ്ടും കുടുംബബന്ധങ്ങളുടെ സവിശേഷതകൊണ്ടും ജനനം, സംസ്കാരവിധികൾ, വിവാഹം, മരണം, മരണാനന്തരനടപടികൾ എന്നിവകൊണ്ടും ഏകാത്മകമായ സമുദായമല്ല ഭാരതത്തിലുള്ളതു്. എന്നാൽ പൊതുവിദ്യാഭ്യാസം നല്കാൻ കഴിയുന്നതു് ഒരു ഏകാത്മകസമുദായത്തിനു മാത്രമാണു്. അപ്പോൾ പൊതുവിദ്യാഭ്യാസം നല്കുവാൻ ആഗ്രഹിക്കുന്നവർ നിലവിലിരിക്കുന്ന ബഹുവിധമായ സമൂഹങ്ങളിൽ നിന്നും ഏകാത്മകസ്വഭാവമുള്ള ഒരു സമൂഹത്തെ ഉണ്ടാക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ ഇനി പറയുന്ന കാര്യങ്ങൾ ഏററവും പരിഗണന അർഹിക്കുന്നു.

1. ബഹുജനങ്ങളുടെ താല്പര്യങ്ങളിൽ നിന്നു് ഏകാത്മകതയിലേക്കു കൊണ്ടുവരാൻ പോരുന്ന ഭൂരിപക്ഷത്തിൻെറ അത്യന്താവശ്യം.
2. നാനാത്വത്തിൽ നിന്നും ഏകതയിലേക്കാകർഷിച്ചു കൊണ്ടുപോകുവാൻ കഴിയുന്ന ബോധവല്കരണം.
3. ആ ബോധവൽക്കരണത്തിനു സഹായിക്കുന്ന മാതിരിയുള്ള വിദ്യാഭ്യാസത്തിൻെറ തത്ത്വസമീക്ഷ.
4. തത്ത്വത്തിൻെറ പ്രചരണോപാധിയായി നിലനില്ക്കേണ്ട വിദ്യാലയം.
5. ആ വിദ്യാലയത്തിൽ നിർബന്ധിതമായിട്ടുള്ള സാക്ഷരത കൊണ്ടുവരുവാനുള്ള മാർഗ്ഗം.

6. സാക്ഷരതയിൽക്കൂടി അക്ഷരം, പദം, വാക്യം, വാക്യവൃത്തിക്ക് അനിഷേധ്യമായ അംഗീകാരം നല്കുന്ന വ്യാകരണശുദ്ധി.
7. അക്ഷരമാലയുടെ പഠനം മുതൽ വളരെ വ്യാപകമായും ആഴത്തിലും ദൂരക്കാഴ്ച നൽകുന്നതായ ശാസ്ത്രപഠനം, സാഹിത്യപഠനം, കലാപരിചയം എന്നിവയ്ക്കുവേണ്ടി ചെയ്തു വയ്ക്കേണ്ടിവരുന്ന ആയോജനം.
8. ഉല്പാദനപ്രക്രിയയിലേക്കു സഹജമായി എത്തിച്ചേരാൻ സഹായിക്കുന്ന പരിചയങ്ങൾ, പരിശീലനങ്ങൾ.
9. ഇതൊക്കെ വ്യവസ്ഥയോടെ അടുക്കിവച്ചിരിക്കുന്ന വിദ്യാലയത്തിൻെറ നിർമ്മിതി.

## VI വന്നുചേർന്നിരിക്കുന്ന സ്ഥിതിവിശേഷം... അതിനെ എങ്ങനെ തിരുത്താം:-

വിദ്യാഭ്യാസം നല്കാൻ ഏർപ്പെടുത്തിയ ഉത്തരവാദിത്വം ഇപ്പോൾ സർക്കാരിനുള്ളതാണ്. എന്നാൽ ജനാധിപത്യരൂപത്തിൽ സ്ഥാപനങ്ങൾ സർക്കാരിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരാൻ തുടങ്ങിയപ്പോൾ അതിൻെറ പ്രവർത്തനം സാവധാനത്തിൽ മാത്രം വികസിക്കുന്നതായിത്തീർന്നു. അതുപോലെ ജീവിതാവശ്യങ്ങൾക്ക് ആശ്രിതരായി പലരുമുണ്ടായിരിക്കുമ്പോൾ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തകർക്ക് കുടുംബവരുമാനം തീരെ പോരാത്തതുമായിരിക്കുന്നു. സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കു പലതരത്തിലുള്ള ക്ലേശവും ക്ഷീണവും കാണുന്നു.

a. പുതിയതായി ആയോജനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ:

വിദ്യാർത്ഥികൾക്ക് ഓടിച്ചാടിക്കളിക്കത്തക്കവണ്ണം വിസ്തീർണ്ണമുള്ളതും അന്യശബ്ദങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുന്നതും ശുദ്ധവായു ലഭിക്കുന്നതും യഥേഷ്ടം ജലം കിട്ടുന്നതും ആഹാരസൗകര്യം ചെയ്തുകൊടുക്കുവാൻ കഴിയുന്നതുമായ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വിശാലമായ കെട്ടിടങ്ങൾ. ആ കെട്ടിടത്തിൽ ആവശ്യത്തിനത്രയും വേണ്ട ബെഞ്ച്, ഡസ്ക്, മേശ, കസേര, അലമാര, പെട്ടി ഉഷ്ണപ്രദേശങ്ങളിലാണെങ്കിൽ വൈദ്യുത പങ്ക; രാത്രികാല

ങ്ങളിൽ ഉപയോഗിക്കേണ്ടിവരികയാണെങ്കിൽ വിളക്കു കരം; പാഠം പറഞ്ഞുകൊടുക്കാൻ സഹായകമായ ഉപകരണങ്ങരം; പരീക്ഷണ–നിരീക്ഷണശാലകരം എന്നിവ ഉണ്ടായിരിക്കണം. അവിടെ കളിക്കുവാനുള്ള കളിസ്ഥലങ്ങരം; കളിസാമഗ്രികരം; ഗ്രന്ഥശാല; ഗ്രന്ഥശാലയ്ക്കാവശ്യമായി ഓരോ വർഷവും വാങ്ങിയ്ക്കേണ്ടിവരുന്ന പുസ്തകങ്ങരം; പ്രശാന്തമായി നിശബ്ദതയിലിരുന്നു പുസ്തകം പഠിക്കുവാൻ കഴിയുന്ന സൗകര്യങ്ങരം ഇതൊക്കെ ഏർപ്പെടുത്താൻ കഴിയണം.

b. ഒരു ക്ലാസ്സുമുറിയിൽ എത്ര വിദ്യാർത്ഥികരം എത്ര വിദ്യാർത്ഥിനികരം എപ്രകാരമിരുന്നു അദ്ധ്യാപകൻെറ/അദ്ധ്യാപികയുടെ ക്ലാസ് ഓരോ പീരിഡിലും എത്രമിനിട്ട് ശ്രദ്ധിച്ചും വായിച്ചും എഴുതിയും പഠിക്കുവാൻ എങ്ങനെ സൗകര്യപ്പെടുത്തണം എന്നുള്ള ആയോജനം, സ്കൂരംകെട്ടിടങ്ങരം തീർന്നു വരുമ്പോഴേക്കും ഉണ്ടായിരിക്കണം.

c. ശ്രമമില്ലാതെ കുട്ടികരംക്ക് അവരുടെ വീടുകളിൽ നിന്നും വിദ്യാലയം നിൽക്കുന്നിടത്തേയ്ക്ക് എളുപ്പത്തിൽ സഞ്ചരിച്ചു വരുവാനുള്ള റോഡുകരം, വാഹനസൗകര്യങ്ങരം ഇതെല്ലാം നേരത്തേതന്നെ ഇണക്കിവയ്ക്കേണ്ടതാണ്.

d. നാനാമുഖമായ സ്വഭാവത്തോടുകൂടിവരുന്ന കുട്ടികരംക്ക് ഏകാത്മകമായ വിദ്യാഭ്യാസം നൽകുമ്പോരം. അതു് അവരുടെ അടിവേരിലിരിക്കുന്ന ധാരണ, വിശ്വാസം, സംസ്കാരം, ദൈനംദിനജീവിതരീതി ഇവയ്ക്കു വിരോധമുണ്ടാക്കാതിരുന്നാൽ മാത്രമേ ആ വിദ്യാലയം ഏകാത്മകമായ പൊതുസമ്മതിയുള്ളതായിത്തീരുകയുള്ളൂ. ഈ വിദ്യാഭ്യാസത്തെ തന്നെ നാനാത്മകമായ സമുദായമദ്ധ്യത്തിൽ ഏകാത്മകമായ ജീവിതത്തിൻെറ ഒരു പരീക്ഷണശാലയും പരിശീലനകേന്ദ്രവുമായിട്ടാണ് വളർത്തിയെടുക്കേണ്ടതു്.

e. മുകളിൽ പറഞ്ഞ സന്നാഹങ്ങളെല്ലാം തയ്യാറാക്കുന്നതിനു് ഓരോ സ്കൂളുകളുടേയും ക്ലാസ്സുകരം എത്രയെന്നും, വിദ്യാർത്ഥികളുടെ അംഗസംഖ്യ എത്രയെന്നും ആദ്യംതന്നെ നിജപ്പെടുത്തി വയ്ക്കണം. പണം പൊതുഖജനാവിൽ നിന്നാണു വരുന്നതെങ്കിൽ രാജ്യത്തുള്ള വിദ്യാലയങ്ങളിൽ ഓരോന്നിൻേറയും ജനസംഖ്യാനുപാതികമായ ആവശ്യം പങ്കിട്ടുവരു

മ്പോഴം ഓരോ വിദ്യാലയത്തിനും പൊതുഖജനാവിൽ നിന്നുംകൊടുക്കുവാൻ കഴിയുന്ന സഹായധനവും എത്ര ആയിരിക്കണമെന്നു് ഒരു വഷത്തിനു മുൻപുതന്നെ പ്രഖ്യാപനമുണ്ടായാലേ, പ്രമാദം വരാത്തതരത്തിലുള്ള ആയോജനം ചെയ്യുവാൻ വിദ്യാലയം നടത്തുന്നവക്കാവുകയുള്ളൂ.

f. സ്കൂറം ഹെഡ്മാസ്റ്റർ മുതൽ സ്കൂളിലെ എല്ലാ ജീവനക്കാരേയും ഒരു വശത്തു നിറുത്തണം. അവരെയെല്ലാം ആയോജനത്തിൽ ഉറംപ്പെടുത്തി അവർക്കും അവരെ ആശ്രയിച്ചു ജീവിക്കുന്നവക്കും പ്രതിമാസം വേണ്ടുന്നതായ ശമ്പളം അല്ലെങ്കിൽ സഹായധനം പെട്ടെന്നു മുട്ടിപ്പോകാത്ത രീതിയിൽ നേരത്തേതന്നെ പൊതുഖജനാവിൽ നിക്ഷേപിച്ചിരിക്കണം. ജീവനക്കാരുടെ ആവശ്യങ്ങറം ന്യായമായി നിറവേറുവാൻ കഴിയണമെങ്കിൽ സ്കൂളിൻെറ സംവിധാനത്തെപ്പററി ആയോജനംചെയ്യുന്ന പ്രവർത്തകസംഘംതന്നെ ജീവനക്കാരുടെ ഓരോ കുടുംബത്തേയും മനസ്സിൽ കണ്ടുകൊണ്ടു് കുടുംബത്തിനു് ആഹാരം, വസ്ത്രം, ഔഷധം, ജലം വൈദ്യുതി ഇങ്ങനെ പ്രാഥമികമായ എല്ലാ ആവശ്യങ്ങളും ഒരിക്കലും മുറിവുവരാതെ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തു വയ്ക്കണം. ഇത്രയും ആകുമ്പോഴേ വിദ്യാലയം വിദ്യാഭ്യാസത്തിൻെറ നടത്തിപ്പിനു പ്രായോഗികത നൽകുന്ന സംവിധാനമായിത്തീരുകയുള്ളൂ.

g സാധാരണസഹായികറം മുതൽ ഏതെല്ലാം വിഭാഗങ്ങളിലുള്ള ജീവനക്കാരുണ്ടു് എന്നു നിശ്ചയിച്ചു് അവരുടെ ഓരോരുത്തരുടേയും സേവനത്തെ സർവ്വാത്മനാ സ്ഥാപനത്തിനു നല്കുന്നതിനു് അവക്കെങ്ങനെ അവസരം കൊടുക്കണമെന്നു തീരുമാനിക്കണം. ആ സേവനത്തിൽ അവർക്കു് ആത്മതൃപ്തിയും ദിനംപ്രതി വദ്ധിച്ചുവരുന്ന സന്തോഷവും തൻെറ ജീവിതത്തിനർത്ഥമുണ്ടാകുന്നു എന്ന തോന്നലും, സേവനകാര്യത്തിൽ ആകെ സ്ഥാപനത്തിനുള്ള മുഴുവൻ പ്രവർത്തകരുടേയും സഹകരണവും പരസ്പരം നൽകുന്ന സഹായവും ഒക്കെ ഉണ്ടായിരിക്കത്തക്കവണ്ണം സ്ഥാപനത്തിനു ചട്ടവട്ടങ്ങളുണ്ടാക്കിക്കൊടുക്കണം.

h. സ്ഥാപനത്തിൻെറ നടുനായകനായിരിക്കുന്ന ഹെഡ്മാസ്റ്റർ അല്ലെങ്കിൽ പ്രിൻസിപ്പൽ മുതലായവക്കു ലഭിക്കേണ്ടു

ന്നതായ ഉത്തരവാദിത്വം, നിയോഗം ഓരോരുത്തർക്കും ന്യായമായി കിട്ടേണ്ടുന്ന അവകാശം ഇതെല്ലാം ആദ്യംതന്നെ നിർബന്ധമാക്കി വയ്ക്കണം. ഇങ്ങനെ അർപ്പണബോധത്തോടുകൂടി പ്രവർത്തിക്കുന്ന ജീവനക്കാരുടെ ഒരുസംഘം സ്കൂൾ ഭരണത്തിനു തയ്യാറായി വരണം. അതിൽ ഓരോരുത്തർക്കും വേണ്ടുന്നതായ വിദ്യാഭ്യാസയോഗ്യത, മാനസികമായ അർപ്പണഭാവം, കർമ്മകുശലത, കുഞ്ഞുങ്ങളോട് ആകർഷകമായ രീതിയിൽ ബന്ധപ്പെടാനുള്ള ചാതുര്യം, പഠിപ്പിക്കുന്ന വിഷയത്തിൽ അവർക്കുള്ള അറിവിനെ നിരന്തരമായി വികസിപ്പിക്കുന്നതിനു് അവർ ചെയ്തുപോരുന്ന ശ്രമം, അവരുടെ വ്യക്തിത്വമഹിമ, സ്ഥിരോത്സാഹം, വിദ്യാർത്ഥികൾക്കൊരിക്കലും അനുകരണീയമായിക്കൂടാത്ത ശീലങ്ങൾ അവരിൽ ഉണ്ടായിരിക്കുന്നില്ല എന്നുള്ള വിശ്വാസം—ഇതുയും നിയമനകാര്യത്തിൽ ശുഷ്ക്കാന്തിയോടെ പാലിക്കണം.

j. നിയമനകാര്യത്തിൽ, അദ്ധ്യാപിക/അദ്ധ്യാപകൻ എന്നിവരിൽ നിന്നും ധനപരമായ പ്രലോഭനം, ശുപാർശകളിൽക്കൂടിയുള്ള സ്വജനപക്ഷപാതം തുടങ്ങിയ അശുദ്ധമായ പ്രവണതകൾ ഒരിക്കലും ഉണ്ടാവരുതു്. തെരഞ്ഞെടുപ്പുകാർക്കു് ഓരോ നിയമനത്തിനും ഒരാഴ്ചത്തെ വ്യക്തിപരിചയമെങ്കിലും നിയമിക്കപ്പെടേണ്ടവരോടു ഉണ്ടാകുവാനവസരം കിട്ടണം. ഒരു സിംഗിൾ ഇൻറർവ്യൂ ആയിരിക്കരുതു് എന്നർത്ഥം.

നിയമനത്തിനുള്ള സെലക്ഷൻ ബോർഡിൽ സ്ത്രീയും പുരുഷനുമായ രണ്ടു രക്ഷാകർത്താക്കൾ, പഠിപ്പിക്കുവാൻ പോകുന്ന വിഷയത്തിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള രണ്ടു പ്രമുഖരായ അദ്ധ്യാപകർ, ഒരു മനശ്ശാസ്ത്രജ്ഞൻ, ഒരു സാമൂഹികശാസ്ത്രജ്ഞൻ, ഒരു ഭിഷഗ്വരൻ, ഏററവും മുതിർന്ന ക്ലാസ്സിലെ സ്വഭാവവൈശിഷ്ട്യമുള്ള രണ്ടു വിദ്യാർത്ഥികൾ (ആണും പെണ്ണും) ഉണ്ടായിരിക്കണം.

j. സ്കൂളിൽ പഠിക്കുവാൻ ഉദ്ദേശിക്കുന്ന പുസ്തകങ്ങൾ ഒന്നാം സ്റ്റാൻഡേർഡു മുതൽ ബിരുദാനന്തരക്ലാസ്സുവരെയുള്ള വിദ്യാർത്ഥീ—വിദ്യാർത്ഥിനികൾക്കായി വ്യവസ്ഥ ചെയ്തു വച്ചിരിക്കുന്ന സിലബസ്സനുസരിച്ചു്, വിദഗ്ധന്മാരാൽ എഴുതപ്പെട്ടിട്ടുള്ളവയാവണം.

k, ആദ്യംതന്നെ സ്കൂൾ, കോളേജ് എന്നിവകളുടെ തന്നാണ്ടത്തെ ക്ലാസ്സിൻെറ തരംതിരിച്ചുള്ള അംഗസംഖ്യ നോക്കിയിട്ട് അടുത്ത വർഷത്തേക്ക് എത്ര പുസ്തകം വേണം എന്നു നേരത്തേതീരുമാനിച്ച് അതു് ഈ വഷ്ത്തിൽത്തന്നെ അച്ചടിച്ചു സ്കൂളുകളിൽ ഭദ്രമാക്കി വയ്ക്കണം. എന്നാൽ മാത്രമേ സ്കൂൾപ്രവേശനദിവസം വരുമ്പോൾ വിദ്യാർത്ഥികൾക്കു പുസ്തകം കൊടുക്കാൻ കഴിയുകയുള്ളു. പുസ്തകത്തിൽ അറുപതു ശതമാനം സിലബസ്സിനെ ഉൾപ്പെടുത്തുന്നതും നാല്പതു ശതമാനം സിലബസ്സിൻെറ വെളിയിലുള്ള താല്പര്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നവയുമാകണം.

സ്കൂൾ നിയമനത്തിനുള്ള ബോർഡു സ്കൂളിനോടു ബന്ധപ്പെട്ടതായിരിക്കുമ്പോൾ പുസ്തകത്തിൻെറ തെരഞ്ഞെടുപ്പുകമ്മിററി രാജ്യത്തിൻെറ എല്ലാ സ്കൂളുകൾക്കുംകൂടി ഒന്നു മാത്രമേ ആയിരിക്കാവൂ.

l. അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവക്കു ഭാര്യയും മക്കളുമായി സ്കൂളിനോടു ബന്ധപ്പെട്ട ക്വാർട്ടേഴ്സിൽ, ക്യാമ്പസ്സിനു ദൂരെയല്ലാതെ ജീവിക്കുവാനുള്ള സംവിധാനവും സൗകര്യവും സ്കൂൾഅധികൃതർ കൊടുക്കണം.

ഭാര്യയും ജോലിചെയ്തു ജീവിക്കുന്ന സ്ത്രീയാണെങ്കിൽ ഭാര്യയുടെയും ഭർത്താവിൻെറയും ജോലിസ്ഥലം ഒരിടത്തുതന്നെയായിരിക്കണം. ഒരു സ്ഥാപനത്തിൽ തന്നെ വേണം എന്ന നിർബന്ധമില്ല.

m. ജീവനക്കാരുടെ കുടുംബങ്ങളിൽ വരുന്ന അത്യാഹിതങ്ങൾ, രോഗങ്ങൾ, മററാപത്തുകൾ, ഇവയെ നേരിടുന്നതിനു വേണ്ടി ഒരു സഹായധനം പ്രോവിഡൻറ് ഫണ്ട് അല്ലാതെ സ്ഥാപനത്തിൻെറ ഒരു സുരക്ഷാനിധിയായി സൂക്ഷിക്കണം. അതിൽനിന്നും ഒരു ജീവനക്കാരനോ ജീവനക്കാരിക്കോ പെട്ടെന്നു നേരിടുന്ന ചെലവ് താൽക്കാലികമായി കൊടുക്കാനും പിന്നീടു തിരിച്ചുവാങ്ങാനുമുള്ള അവസരം വേണം. ഇങ്ങനെയുള്ള ധനപരമായ സുരക്ഷിതത്വം വിദ്യാലയത്തിൽ നിന്നും ലഭിക്കുമെന്നു വന്നാലേ ആ സ്ഥാപനത്തോട് അദ്ധ്യാപകൻ/അദ്ധ്യാപിക കൂറുള്ളവരായി ജീവിക്കുകയുള്ളു.

## VI പാഠപുസ്തകങ്ങളും സിലബസും

ഒരു പുതിയ പുസ്തകത്തെരഞ്ഞെടുപ്പുകമ്മിററി, ഇപ്പോഠം നിലവിലിരിക്കുന്ന എല്ലാ പുസ്തകങ്ങളും പരിശോധിച്ച് അതിൽ താഴെ പറയുന്ന മാററങ്ങഠം അവശ്യം കൈവരിക്കണം.

1. യാതൊന്നു പഠിക്കുന്നതുകൊണ്ടാണ് വിദ്യാത്ഥികഠ വിഷയത്തിൽ ഉഠംക്കാഴ്ച കിട്ടാതിരിക്കുന്നത്, വിഷയത്തിൻെറ ദൂരവ്യാപകമായ പ്രസക്തിയില്ലാതിരിക്കുന്നത്, നിഷ്പ്രയോജനമായിരിക്കുന്നത്, അങ്ങനെയുള്ളവ പുസ്തകങ്ങളിൽ നിന്നും മാററിക്കളയണം. അത്തരം പരാമശ്ങ്ങളെ ജാഡ്യമായ പരാമശ്ങ്ങഠം (Inert descriptions) എന്നു വിളിക്കാം.
2. ഐക്യഭാവനയുള്ള സമൂഹത്തിലേക്ക് ഓരോ പൗരനേയും കൊണ്ടുവരുന്നതിനാണു വിദ്യാഭ്യാസം എന്നു മനസ്സിലാക്കിക്കൊണ്ട് മനുഷ്യനു മനുഷ്യനിൽ ഭേദബുദ്ധിയുണ്ടാക്കുന്ന മുൻവിധികഠം പാഠപുസ്തകങ്ങളിൽ വന്നിട്ടുണ്ടെങ്കിൽ ആ ഭാഗം മാററണം. ആ മാററം പുസ്തകത്തിൽ ഉളവാക്കുന്ന വിടവ് തെററായ സൂചനകഠം നൽകാൻ ഇടയാക്കുമെങ്കിൽ അതിനെയും നികത്തണം. മതസംബന്ധമായ വിഷയങ്ങഠം പാഠപുസ്തകത്തിൽ ഉഠംപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിലെ നൈതികത, ധാമ്മികത, സദാചാരപരത, മൂല്യവിചാരം എന്നിവയെ സ്വീകരിക്കുകയും, നേരെ മറിച്ച് പരസ്യപ്രചരണത്തിനും മററുമായി ഉപയോഗിക്കുന്ന മത്സരത്തിൻെറ പ്രവണത കാണുന്ന പക്ഷം അതു തീരെ ഒഴിവാക്കുകയും വേണം. ഒരു മതം വേറൊരു മതത്തേക്കാഠം നല്ലതാണെന്നോ മേന്മയുള്ളതാണെന്നോ പ്രത്യക്ഷമായിട്ടോ പരോക്ഷമായിട്ടോ പ്രതിപാദിക്കുന്നതൊന്നും പാഠ്യപുസ്തകങ്ങളിൽ വന്നുകൂടാ.

   —നമ്മുടെ കോൺസ്റ്റിററ്യൂഷനിൽ മതത്തിൻെറ അവകാശം ഉഠംപ്പെടുത്തുന്ന കാര്യത്തിൽ കർശനമായ കരുതലുകഠം കാണിക്കുന്ന ഭാഗങ്ങഠം ശ്രദ്ധിച്ചു പഠിച്ചു നോക്കുക.
3. ശാസ്ത്രീയമായ പഠനങ്ങഠംക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പാഠങ്ങഠം വിദ്യാത്ഥികഠംക്കു പ്രത്യക്ഷമായി കാണിച്ചുകൊടുത്തു പഠിപ്പിക്കുന്നതിനു സൗകര്യമുള്ളവയായിരിക്കണം. പ്രത്യക്ഷപ്രമാണത്തോടൊപ്പംതന്നെ അനുമാനം,

ഉപമാനം, അത്ഥാപത്തി, അനുപലബ്ധി, ശബ്ദം എന്നിവയുടെ പ്രസക്തിയെ തെററുകൂടാതെ മനസ്സിലാക്കത്തക്കവണ്ണമുള്ള ദൃഷ്ടാന്തഭാഗങ്ങളും പുസ്തകത്തിൽ ഉണ്ടായിരിക്കണം

4. പഠിക്കുവാൻ അദ്ധ്യാപകന് ഒരു കരിക്കുലം നിർബന്ധമാക്കി വയ്ക്കുമ്പോഴുംതന്നെ പഠിപ്പിക്കേണ്ട രീതിയെപ്പററി അദ്ധ്യാപകനു പരിചയം ലഭിക്കുവാൻ വേണ്ടുന്ന കോഴ്സുകഠം നടത്തിയിരിക്കണം. എപ്രകാരം പഠിച്ചാലാണ് അതു പ്രയോജനകരമായ ഒരു പരിചയമായിത്തീരുന്നതു് എന്നു് ആദ്യം തന്നെ വിദ്യാത്ഥികളെ മനസ്സിലാക്കിക്കൊടുക്കണം.

5. പാഠ്യപുസ്തകങ്ങളിൽ നിന്നു വിദ്യാത്ഥികൾ ലഭിക്കേണ്ടതു് അക്ഷര പരിചയം, സരളവും ശുദ്ധവുമായ വാക്യവൃത്തിജ്ഞാനം, സഹജമായി മനസ്സിലാക്കാൻ കഴിയുന്ന വ്യാകരണവ്യവസ്ഥ, ആശയത്തെ അസന്ദിഗ്ദ്ധമായി സ്പഷ്ടീകരിക്കുവാൻ കഴിയുന്ന വാക്യരചനയും ചിന്താസരണിയും, പദാത്ഥനിർണ്ണയത്തിനുള്ള പഠനരീതി, ഓർമ്മയിൽ എപ്പോഴും അനുസ്മരിക്കാൻ ആവശ്യമായ അറിവിൻെറ ക്ലിപ്തമായ രൂപങ്ങഠം എന്നിവയാണ്. ഓർമ്മയുടെ നാലു ഭണ്ഡാരങ്ങളാവാം—ഒന്നു, സ്വന്തം സ്മൃതിയിൽ, രണ്ടു്, നോട്ടെഴുതി വച്ചിരിക്കുന്ന പുസ്തകങ്ങളിൽ, മൂന്നു് മൂലഗ്രന്ഥങ്ങളിൽ, നാലാമതായി ഇപ്പോഠം സർവസാധാരണമായിത്തീൎന്നിരിക്കുന്ന കംപ്യൂട്ടറിലെ മെമ്മറി ബാങ്കിൽ.

## VII പാഠ്യപദ്ധതികൾ

ഒരു കുഞ്ഞു ദിവസവും എട്ടുമണിക്കൂർ പഠിക്കുവാനും എട്ടുമണിക്കൂർ സ്വതന്ത്രമായി വിഹരിക്കുവാനും എട്ടുമണിക്കൂർ ഉറങ്ങുവാനും സമയം ലഭിക്കുന്നവളോ ലഭിക്കുന്നവനോ ആയിരിക്കണം. കുഞ്ഞിനു പഠിക്കുവാനുള്ള സമയം കാലത്തു് ഒന്നരമണിക്കൂറും സ്കൂളിൽ അഞ്ചുമണിക്കൂറും രാത്രിയിൽ ഒന്നരമണിക്കൂറും ആയി വീതിച്ചിരിക്കണം. അതിൽ കവിഞ്ഞു പോകുന്നതായ പാഠങ്ങഠം വിദ്യാത്ഥികഠംക്കു കൊടുക്കരുതു്. പഠനത്തെ വെറും അനുസ്മരണം മാത്രമാക്കുവാനുള്ള പദ്ധതിയെ വിട്ടിട്ടു്, പഠിക്കുമ്പോഠംതന്നെ പ്രയോഗത്തിൽകൂടി വ്യക്തിത്വത്തിൽ സ്വാംശീകരിക്കുവാൻ പോരുന്ന രീതിയിൽ വിദ്യാഭ്യാസത്തെ പരിഷ്കരിക്കണം.

## VIII വീടും വിദ്യാലയത്തിൻെറ ഭാഗമാക്കണം

കുഞ്ഞുങ്ങൾക്കു സ്കൂളിൽ ലഭിക്കുന്ന പഠിപ്പും പരിശീലനവും സംസ്കൃതിയും വീടിൻെറ അന്തരീക്ഷത്തിൽ പലപ്പോഴും നഷ്ടപ്പെട്ടുപോകുന്നു. വേണ്ടത്ര വിവേകമില്ലാത്ത, സംസ്കാരഹീനരായ മാതാപിതാക്കന്മാർ, ദാരിദ്ര്യത്തിൻെറ തീച്ചൂളപോലുള്ള വീട്ടന്തരീക്ഷം, എന്നിവ പഠിത്തത്തെ പ്രതികൂലമായി ബാധിക്കും. വെളിച്ചമോ, ശുദ്ധവായുവോ, മലിനമല്ലാത്ത അന്തരീക്ഷമോ പല കുഞ്ഞുങ്ങൾക്കും ലഭിക്കുന്നില്ല. അതുകൊണ്ടു ലാഭോദ്ദേശ്യമില്ലാതെ നടത്തുന്ന ഹോസ്റ്റലുകൾ, അത്തരം ചുററുപാടിൽ നിന്നും വരുന്ന കുഞ്ഞുങ്ങൾക്ക് ഒരു രണ്ടാം വീടായിട്ടു പഠനകാലം തീരുന്നതുവരേയ്ക്കും പ്രയോജനപ്പെടുത്തുവാൻ കഴിയണം. ഹോസ്റ്റലുകളിൽ തന്നെ കളി, സംഗീതം, നാടകം ഉദ്യാനനിർമ്മാണം ആഹാരസാധനങ്ങൾ നട്ടുവളത്താനുള്ള ക്രിയാത്മകമായ പരിചയം ഇതെല്ലാം കുഞ്ഞുങ്ങൾക്കു ലഭിക്കാനുള്ള സൗകര്യമുണ്ടാക്കി വയ്ക്കണം. വീട്ടിൽ സ്വന്തമായി സ്ഥലവും കൃഷിക്കുള്ള സൗകര്യവുമുണ്ടെങ്കിൽ സ്കൂളും വീടും ചേന്നു ആ മാതിരി പരിപാടികൾ വളർത്തിയെടുക്കാനുള്ള വ്യവസ്ഥവേണം.

ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള പഠനത്തിൽ സ്വന്തം വസ്ത്രം കഴുകി ഉണക്കിയെടുക്കുവാനും, ഭക്ഷണം പാകം ചെയ്യുവാനും, പാത്രങ്ങൾ കഴുകി ഉണക്കി വയ്ക്കുവാനും മുറിയിലെ വീട്ടുസാമാനങ്ങളും പുസ്തകങ്ങളും അടുക്കിവയ്ക്കാനും, കിടക്കകൾ മടക്കിവെയ്ക്കുവാനും, പ്രഭാതകൃത്യങ്ങൾ അന്യരുടെ സഹായം കൂടാതെ ചെയ്യുവാനും. വേണ്ടതരത്തിൽ പല്ലുതേയ്ക്കുവാനും ശൗചാലയം വൃത്തിയാക്കിവയ്ക്കാനും കുഞ്ഞുങ്ങൾക്കു നിരന്തരമായ ശ്രദ്ധ ഉണ്ടാക്കിക്കൊടുക്കണം. വിദ്യാർത്ഥികൾ‌ക്കു കൊച്ചുകൊച്ചു സംഘങ്ങളായി ഒന്നിച്ചു പാട്ടുപാടനും ഒന്നിച്ച് ഉറച്ചു വായിക്കാനും അവസരം കൊടുക്കണം. കുഞ്ഞുങ്ങൾതന്നെ ആസൂത്രണം ചെയ്യുന്ന കളികൾ അന്യോന്യം പങ്കുവെയ്ക്കുവാനും അവക്കു സൗകര്യമുണ്ടാക്കണം.

ആദ്യത്തെ അഞ്ചു സ്റ്റാൻഡേർഡുകളിൽ വെറുതെയിരിക്കുമ്പോഴെല്ലാം കുഞ്ഞുങ്ങൾക്ക് ചിത്രങ്ങൾ വരക്കാനും ചായമിടാനും ആവശ്യമായ സാമഗ്രികൾ കൈയിലുണ്ടായിരിക്കണം. അതിനുള്ള പ്രേരണ മുതിന്നവർതന്നെ കൊടുക്കണം. ഇങ്ങനെ വീടിനെക്കൂടി വിദ്യാലയത്തിൻെറ ഒരു ഭാഗമായി മാററണം.

## IX വിദ്യാർത്ഥികളും രാഷ്ട്രീയവും

രണ്ടിലധികം ആളുകളുടെ ജീവിതാവശ്യത്തെപ്പററി ഒന്നിച്ചിരുന്നു ചിന്തിക്കുകയും അതിൽ നിന്നും അനാവശ്യങ്ങളെ മാററി ആവശ്യങ്ങളെ വ്യക്തവും സർവസാമാന്യവുമാക്കാനുള്ള ഏതായോജനവും പൊളിററിക്സ് ആണ്. അതു രാഷ്ട്രനിർമ്മിതിക്കു സഹായിക്കുന്നതുമാണ്. അതുകൊണ്ടു ചെറിയ കുഞ്ഞുങ്ങൾ മുതൽ ഉത്തരവാദിത്വമുള്ള പൗരന്മാർക്കുവരെ മാററിവയ്ക്കാവുന്നതല്ല, അവരുടെ രാഷ്ട്രീയമായ നിഗമനങ്ങളും നിശ്ചയങ്ങളും ഒന്നും. ഇതിൽ ആവശ്യം, ആവശ്യനിർവഹണം, ആവശ്യനിർവഹണത്തിനുള്ള ഉപാധികൾ, ഉപാധിയെ ലഭ്യമാക്കിക്കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വമുള്ളർ, ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു കൂട്ടായ്മക്കു വേണ്ടുന്നതായ സൗകര്യങ്ങൾ കിട്ടുവാനുള്ള അവകാശം ഇതെല്ലാം ഉൾപ്പെടുന്നു. ഇക്കാര്യങ്ങൾ ഒന്നിച്ചിരുന്നു ചിന്തിച്ചു തീരുമാനിക്കേണ്ടതു് സ്കൂളുകളിലും ആവശ്യമായിരിക്കുന്നതിനാൽ അവിടെയും രാഷ്ട്രീയം വേണം. എന്നാൽ ട്രേഡ്യൂണിയൻ സമ്പ്രദായത്തിലുള്ള ഒരു തരം വർഗ്ഗവിരോധം വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഇടയിലുള്ളപോലെ സങ്കല്പിച്ച്, അദ്ധ്യാപകരെ ഒരു എതിർവർഗ്ഗമായിക്കണ്ടു് അവരുടെ കൃത്യനിർവഹണത്തെ തടയുകയും വൃഥാവിലാക്കുകയും ചെയ്യുന്നതു് ഒരു രാഷ്ട്രീയപ്രക്രിയയല്ല. അതാണ് വ്യക്തിവിരോധമായി വളർന്ന് അക്രമത്തിനു വഴിവയ്ക്കുന്ന രഷ്ട്രീയാഭാസം. ഇപ്പോൾ കണ്ടുവരുന്ന വിദ്യാർത്ഥിരാഷ്ട്രീയം ഈ ആഭാസമായ വ്യതിയാനമാണ്. അതു നിലനിൽക്കുന്നിടത്തോളം കാലം വിദ്യാലയത്തിനു വിദ്യാലയത്തിന്റെ ശൈലിയോ പ്രയോജനമോ ഉണ്ടാവുകയില്ല. ഈ വിഷയത്തിൽ മുഖം മറച്ചു ദൂരെയിരിക്കാതെ ഇപ്പോഴത്തെ എല്ലാ രാഷ്ട്രീയ നേതാക്കന്മാരും അവരുടെ മനോഭാവം വ്യക്തമാക്കണം.

## ഗുരു

ഇരുളിലൊരുമെഴുകുതിരി
പരതിയലയവേ
ഇടിമിന്നൽവന്നെന്റെ
കൺതെളിച്ചു.

-വിനയ

# ഗുരു 32

## നടരാജൻ

(തുടർച്ച്)

**ഈശാവാസ്യോപനിഷത്ത് (ഗുരുവചനങ്ങളിൽ)**

ആത്മാ, അനാത്മസമന്വയതത്ത്വം വെളിപ്പെടുത്തുന്ന ഹോമമന്ത്രം, എഴുതിതന്നതിനുശേഷം, അതിനോടു യോജിച്ചുള്ള ഒരു ഉപനിഷത്തും നാരായണഗുരു മലയാളത്തിലാക്കിതന്നു. അതു് ''ഈശാവാസ്യം''. ഈശാവാസ്യത്തിൽ ''ഈശൻ ജഗത്തിലെല്ലാമാവസിക്കുന്നതുകൊണ്ടു നീ'' എന്നു തുടങ്ങുന്നു. അതിനു സമാനമായിട്ടു ''ദൈവമേ! കാത്തുകൊൾകങ്ങു'' എന്നു തുടങ്ങുന്ന ഒരു പ്രാർത്ഥനയും ഗുരു എഴുതിതന്നു. അതു കുട്ടികൾ ഇവിടെ ചൊല്ലും. ഇന്നു് ഞായറാഴ്ച ആയതുകൊണ്ടു് ഹോമം കഴിഞ്ഞു് ''ഈശാവാസ്യം'' ചൊല്ലി. 'എന്താണു് ഈശാവാസ്യത്തിനോടു് നിങ്ങൾക്കിത്ര പ്രിയം.' അതിൽ ഈശനെന്ന വാക്കു് ഉപയോഗിക്കുന്നതു' പലസ്ഥലത്തും കാണുകയില്ല. ബ്രഹ്മമെന്നേ കാണൂ. ദൈവത്തെ ആരാധിക്കുന്ന മനുഷ്യർക്കു്, ദൈവത്തെ ജഗത്തു്പിതാവെന്നും, ലോകത്തിൻെറ പിതാവെന്നും പറയുന്ന രീതിയില്ലെന്നു വരാം. അതു മഹമ്മദീയർക്കുണ്ടു്. ക്രിസ്ത്യാനികൾക്കുണ്ടു്. ഹിന്ദുക്കൾക്കു് ദൈവം പിതാവെന്നു പറയാനറിഞ്ഞുകൂടാ. ഈശനെന്നുള്ള വാക്കു ദൈവത്തിൻെറ, ഏററവുമടുത്ത പേരായതുകൊണ്ടു്, അതുള്ള ഒരു ഉപനിഷത്തു് മലയാളത്തിലാക്കി തന്നിരിക്കുകയാണു്. ''ഈശൻ ജഗത്തിലെല്ലാമാവസിക്കുന്നതുകൊണ്ടു നീ ചരിക്ക മുക്തനായാശിക്കരുതാരുടെയും ധനം'' എന്നൊക്കെ പറഞ്ഞു്, തുടർന്നു പോകുന്ന അതിനകത്തു് പല ഉപനിഷത്തു് രഹസ്യങ്ങളും അടങ്ങിയിട്ടുണ്ടു്. നാരായണഗുരുതന്നെ സാമ്പിളായിട്ടു് മലയാളത്തിൽ എഴുതിതന്നു. എന്തുകൊണ്ടെന്നാൽ സംസ്കൃതം പഠിച്ച ബ്രാഹ്മണർക്കേ ഉപനിഷത്തു് ചൊല്ലാൻ അറിയൂ. മററുള്ളവർക്കൊന്നും ഉച്ചാരണം ശരിയ്ക്കു പറയാൻ അറിയില്ല. അതിനാൽ പുറം തള്ളപ്പെട്ടു. എത്രയോ

വഷം പുറംതള്ളപ്പെട്ടുപോയി. തെക്കേഇന്ത്യയിൽ സംസ്കൃതം പഠിച്ചവർ വളരെ ചുരുക്കം, ബ്രാഹ്മണരാണ് പഠിക്കുന്നതു്. കാശിയിൽ നിന്നുവരണം സംസ്കൃതപണ്ഡിതന്മാർ. അതുപോലുള്ള ജനങ്ങൾ എത്രപേരുണ്ട്. അതുകൊണ്ട് നാരായണഗുരു പറഞ്ഞു ''ഈശാവാസ്യം' ഞാൻ മലയാളത്തിൽ പറഞ്ഞുതരാം. ശങ്കരഭാഷ്യത്തിൽ പല രഹസ്യമിരിക്കുന്നു. ആ രഹസ്യമൊന്നും വേണ്ട. ഞാൻ സാധാരണരീതിയിൽ അതിൻെറ അത്ഥം പറഞ്ഞുതരാം ഈശാവാസ്യം മൂലത്തിൽ പറയുന്നതു് 'നിസംഗനായി കമ്മം ചെയ്തു ഇവിടെ നൂറുവഷം ജീവിക്കാനാഗ്രഹിക്കുക. ഇതല്ലാതെ നരനു ചെയ്യിടാൻ ഒന്നുമില്ല' എന്നാണു്. നാരായണഗുരുവിൻെറ ഭാഷാവിവത്തനത്തിൽ, ഈ ശ്ലോകം ''അല്ലെങ്കിൽ'' എന്നു തുടങ്ങുന്നു. ''അല്ലെങ്കിൽ'' എന്നു പറയുന്നതു് ഒറിജിനലിൽ (മൂലത്തിൽ) ഇല്ല. അതു് ശങ്കരഭാഷ്യം നോക്കിയിട്ട് നാരായണഗുരു ചേത്തതാണു്. ''അല്ലെങ്കിൽ'' എന്നില്ലെങ്കിൽ'' ജ്ഞാനകമ്മ സമുച്ചയമുണ്ടാകുമെന്നു പറഞ്ഞു്, ശങ്കരഭാഷ്യം നോക്കിയിട്ട്

അല്ലെങ്കിലന്ത്യംവരെയും
കമ്മംചെയ്തിങ്ങസംഗനായ്
ഇരിക്കുകയിതല്ലാതി-
ല്ലൊന്നും നരനുചെയ്യിടാൻ

എന്നു് ഗുരു എഴുതിതന്നു.

പിന്നീട് ആസുരം ലോകത്തെയും, ഈശനെയും വിവരിക്കുന്നു. ആത്മഹന്താക്കൾ മൃതരായി ആസുരം ലോകത്തിൽ പോകുന്നെന്നും, മനസ്സിൻെറ വേഗതയേക്കാൾ മുമ്പേ പോകുന്ന ആ ഒന്നിൽ എത്താൻ കഴിയാതെ ഇന്ദ്രിയങ്ങൾ നിന്നുപോയെന്നു പറയുന്നു. മനസ്സിൻെറ വേഗത്തെക്കാൾ മുമ്പേ പോകുന്ന ഒരു ശക്തി, നമ്മെ നരകത്തിൽ, അസുരലോകത്തിൽ കൊണ്ടുപോകുന്ന ഒരു ശക്തി. ഈ രണ്ടു ശക്തിയും തൊട്ടു കാണിച്ചു. ഈശൻെറ വഴിക്കു പോകുന്നതിനു് എന്തെല്ലാം രഹസ്യമുണ്ടോ അതെല്ലാം.

''വിദ്യാം ച വിദ്യാം ച'' വിദ്യയേയും അവിദ്യയേയുമെടുത്തു് ''യസ്തദ്വേദോഭയം സഹ'', രണ്ടും ചേത്തു് അറിയുന്നവനാണു് രഹസ്യമറിഞ്ഞവൻ ഒന്നുമാത്രം, വിദ്യമാത്രമാണു് എനിക്കുനല്ലതെന്നു പറഞ്ഞാൽ, അവൻ ഇനിയും പഠിച്ചില്ല. വേദാന്തം പഠിച്ചില്ല. സാധാരണ പഠിത്തമായി.

ആമാതിരിവ്യത്യാസമെല്ലാം മനസ്സിലാക്കണം. ''സംഭൂതിം ച വിനാശം ച'' സംഭൂതിയേയും (ഉത്ഭവത്തെയും), വിനാശത്തെയും (നാശത്തെയും) എടുത്തു്, ഇതുരണ്ടും സമന്വയം ചെയ്തു, പിന്നീടു് വരുന്ന ഒരറിവിനു് വേദാന്തമെന്നു പേരു്. വിനാശം എനിക്കുവേണ്ട. സംഭൂതിയാണു് വേണ്ടതു് എന്നു പറഞ്ഞാൽ അവനു് ഇനിയും വേദാന്തത്തിൻെറ രഹസ്യം അറിഞ്ഞില്ല. ഇതുപോലുള്ള രഹസ്യങ്ങളുണ്ടു്. വേദാന്തമെന്നു പറഞ്ഞാൽ രഹസ്യം.

അതുതന്നെയാണു് നാൽവർ പാടൽ എടുത്താലും 'തിരുമുറ' എടുത്താലും, 'തിരുവാചകം' എടുത്താലും 'തേവാരം' എടുത്താലും 'അരുാംമൊഴി' എടുത്താലും, അതിനകത്തെല്ലാം ചൊരികിവച്ചിരിക്കുന്നതു്. ആ മർമ്മഭാഗങ്ങരം മനസ്സിലാക്കുന്നതിനും, ഉപനിഷത്തു് പഠിച്ചു് ബ്രഹ്മവിദ്യാശാസ്ത്രം ശരിയായി മനസ്സിലാക്കുന്നതിനുമായി നാരായണഗുരു ഈശാവാസ്യോപനിഷത്തു് മലയാളത്തിൽ എഴുതിതന്നു.

### ഉപനിഷത്ത്മഹിമ

ഉപനിഷത്തിലെ രഹസ്യങ്ങളുടെ രഹസ്യം ഒരു ജീവിതകാലം പഠിച്ചാലും തീരില്ല. അതു് ജീവിതകാലം വരക്കും ചൊല്ലാം, മരിക്കാൻ കിടക്കുന്ന നേരത്തും ചൊല്ലാം. അതിൻെറ സുഖം മരിച്ചാലും തീരില്ല. അങ്ങനെയുള്ള വലിയ വലിയ ശബ്ദങ്ങളാണു് ഋഷിമാർ പണ്ടേ പറഞ്ഞതു്. മൂവായിരം വർഷം അതു നിലനിന്നു, എന്നുള്ളതുതന്നെയാണു് അതിൻെറ മാഹാത്മ്യം. സായിപ്പന്മാരെല്ലാം അതു കട്ടു പഠിക്കുന്നു. ''ഷോപ്പനോർ'' മുതലായവർ പറയുന്നു നമുക്കു ഇത്രയും വലുതൊന്നും കിട്ടിയിട്ടില്ല. ഇങ്ങനെയൊന്നു് തീർച്ചയായിട്ടും എൻെറ (ഷോപ്പനോർ) ജീവിതത്തിൽ മാത്രമല്ല, മരണത്തിനു ശേഷവുമുള്ള ഒരു ധനമാണു് എൻെറ ജീവിതത്തിൽ ഏററവും വലുതു്. ഉപനിഷത്തു്. മരിച്ചാലും എനിക്കു് അതുതന്നെ വലുതു്.

ഒരു സായിപ്പിനു് ഇത്രയും മനസ്സിലാകും. ഇവിടത്തെ ആളുകാംക്കു് മനസ്സിലാകുന്നില്ല. നാരായണഗുരുവിൻെറ ശിഷ്യന്മാർക്കു് മനസ്സിലാകുന്നില്ല. അവക്കു് വേറെയെന്തെങ്കിലും മതി. നാരായണഗുരു സമുദായ പരിഷ്ക്കർത്താവെന്നും മററും പറഞ്ഞു നടക്കുന്നു. അതാണു് അവരുടെ വാസന.

ഉപനിഷത്തിൻെറ പാരമ്പര്യം രഹസ്യമാർഗ്ഗമാണു്. അതു് നാരായണഗുരു എഴുതിത്തന്നു. ഉപനിഷത്തും നാരായണ ഗുരുവു മായിട്ടു ബന്ധം എന്തെന്നു് വേറെ പറഞ്ഞിട്ടുണ്ടു്. 'ദർശനമാല' എന്ന കൃതിയിൽ എല്ലാ ദർശനങ്ങളും ഗുരു എഴുതിത്തന്നു. ആത്മോ പദേശശതകത്തിൽ ഉപനിഷത്തിലെ ധർമ്മങ്ങളാണു കാണുന്ന തു്. അതുകൊണ്ടു് ആ പാരമ്പര്യം നിലനിറുത്താൻവേണ്ടി ഗുരുകുലത്തിൽ ഉപനിഷത്തു് മന്ത്രം ചൊല്ലി പഠിക്കുന്നു.

ഇതു് ഇന്ത്യയിലൊന്നും ആർക്കും വേണ്ട. നമുക്കു് ഇവിടെ തന്നെ തുടങ്ങിക്കളയാം. നമ്മുടെ വർക്കലെത്തന്നെ. മദ്രാസി ലെ ചിന്താദ്രിപ്പെട്ടിലും മററും തുടങ്ങാൻ നോക്കിയിട്ടു് ഒന്നും നടക്കാതെ പോയി. നമ്മുടെ വർക്കല, നാരായണഗുരുവിൻെറ സമാധിയുടെ തണലിൽതന്നെ നമുക്കു കുറച്ചു സ്ഥലം കിട്ടിയി രിക്കുന്നു. കുട്ടികളെയും കിട്ടിയിരിക്കുന്നു. അതുകൊണ്ടു് ഇവിടെ തന്നെ ഡിസംബറിൽ വരാമെന്നു വിചാരിക്കുന്നു. ഇവിടുന്നു പിണങ്ങി പോകാമെന്നു വിചാരിച്ചതാണു്. പക്ഷെ ഇവിടെ യെല്ലാം കുറച്ചു ചിലവു കാണുന്നു. അതുകൊണ്ടു് ഇവിടെത്ത ന്നെ നിന്നുകളയാം. ചിലവുള്ള സ്ഥലത്തല്ലേ കച്ചവടം നടത്തു ന്നതു്. ചിലവില്ലാത്ത സ്ഥലത്തു കൊണ്ടുപോയി നടത്തുമോ.

## പാരമ്പര്യം

പാരമ്പര്യമെന്നു പറഞ്ഞാൽ എന്താണെന്നു് ഈഴവർക്കൊ ന്നും അറിഞ്ഞുകൂടാ. അവർ വേറെന്തൊക്കെയോ പറഞ്ഞുനടക്കു കയാണു്. നാരായണഗുരുവിനെ അവർ തറയിൽ വച്ചുകളഞ്ഞു. കൊണ്ടുനടക്കുന്നില്ല. അവർ പല ന്യായങ്ങളും പറഞ്ഞു തറയിൽ വച്ചുകളഞ്ഞു. വേറെയൊക്കെയാണ് അവർ പറയുന്നതു്. ദേ വീപൂജയും, ദേവിക്കു് അർച്ചനയും; എന്തൊക്കെയോ അവർ പറയുന്നു. ഇതെല്ലാം പാരമ്പര്യത്തിൽ പെട്ടതാണോ? ഏതു പാരമ്പര്യം, ഏതു സമ്പ്രദായം. പ്രാജാപത്യമോ പഞ്ചരാത്രമോ ഏതാണ് നിങ്ങളുടെ സമ്പ്രദായമെന്നു ചോദിച്ചാൽ മറുപടി യില്ല. നമുക്കു സമ്പ്രദായമൊന്നുമില്ല. നമ്മളിങ്ങനെയൊക്കെ ചെയ്യുന്നെന്നു മാത്രം, എന്നാണ് അവർ പറയുന്നതു്. ഈ ആ ളുകളുടെയിടയിൽ ഒരു ഗുരു വന്നു ജനിച്ചതു് ഒരു നഷ്ടമായിപ്പോ യി. എന്നു ഞാൻ (നടരാജഗുരു) പറയുന്നു. സ്വയം നഷ്ടപ്പെ ടുത്തിക്കളഞ്ഞു. തറയിലിട്ടുകളഞ്ഞു കൊല്ലത്തു് ഒരിക്കൽ നടത്തിയ ഒരു മഹാസമ്മേളനത്തിൽ 'നാരായണഗുരു' എന്നെഴ

തിവച്ചിട്ടു്, അതിനകത്തു് (ഭക്ഷണശാലയുടെ ആവശ്യത്തിനായി) നാല്പതു് ആടിനെ കൊണ്ടുവന്നു് അറുത്തെന്നു പറയുന്നു. അതിനു് ഈ രാജ്യക്കാർക്കു് ഒരു എതിർപ്പുമില്ല. എല്ലാവരും ഒരു കക്ഷിയാണു്. ഞാൻ മാത്രം ഒരു കക്ഷി. ബാക്കിയെല്ലാം ഈഴവരുടെ കക്ഷി. എനിക്കതുകൊണ്ടു് ഒരു ക്ഷീണവുമില്ല. 'നീ തനിച്ചായിപോകും' എന്നു് നാരായണഗുരു പറഞ്ഞിട്ടുണ്ടു്.

(തുടരും)

**TONSILOIL**

**ടോൺസിലോയിൽ**

ടോൺസിലൈററസ്, തൊണ്ടവേദന, വിട്ടുമാറാത്ത ജലദോഷം, തുമ്മൽ, പീനസം മുതലായ ഉപദ്രവങ്ങൾക്കു് ഈ എണ്ണ പതിവായി തലയിൽ തേച്ചുകുളിക്കുന്നതുകൊണ്ടു വളരെ ആശ്വാസം ലഭിക്കുന്നതാണു്.

**ASTHMOIL ആസ്‌മോയിൽ**

ആസ്ത്മ(വലിവ്) കൊണ്ടു കഷ്ടപ്പെടുന്നവർ തലയിൽ തേച്ചുകുളിച്ചാൽത്തന്നെ തൃപ്തികരമായ ആശ്വാസം കിട്ടുന്നതാണു്.

**അർശോഹരലേഹ്യം**

അർശസ്, മലബന്ധം, അരുചി, വായുക്ഷോഭം മുതലായവ തടഞ്ഞു് ആരോഗ്യവും ഉന്മേഷവും പ്രദാനം ചെയ്യുന്നു

കൂടുതൽ വിവരങ്ങൾക്കു നേരിട്ടെഴുതുക:

**മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്**

മാധവാ ഫാർമസി ജംഗ്ഷൻ—ഫോൺ: 355267

എറണാകുളം

**കായങ്കുളത്തു ഗുരുകുലപ്രസിദ്ധീകരണങ്ങൾ ലഭിക്കുന്ന സ്ഥലം.**

**നാഗാർജ്ജുന ഏജൻസി**

**M. S. M. കോളേജിനു സമീപം**

**കായങ്കുളം.**

# അറിവിൻെറ ആദ്യപാഠങ്ങൾ

## മുനിനാരായണപ്രസാദ്

തർജ്ജമ: രാഘവൻമാസ്റ്റർ

പാഠം-20

### മതവും തത്ത്വചിന്തയും

ഹരി: ഗുരുജീ, പ്രണാമം!

ഗുരു: നമ്മുടെ ചർച്ച എവിടെയാണെത്തിയത്?

ഹ: ഒരേ സത്യത്തെക്കുറിച്ചു വിരുദ്ധമായ വീക്ഷണഗതികൾ ആവാമെന്നു് നാം കണ്ടു കഴിഞ്ഞു.

ഗു: ആ വൈരുദ്ധ്യങ്ങളെ കടന്നു കഴിഞ്ഞാൽ എന്താണ് കാണുക?

ഹ: എന്നിൽ കുടികൊള്ളുന്ന ഏകസത്യം.

ഗു: അതു് സാധാരണ കണ്ണുകൊണ്ടു് കാണുമോ? അതോ, അതു വേറൊരുതരം കാണലാണോ?

ഹ: അതു കാണുന്നതു് എൻെറ സാധാരണകണ്ണുകൊണ്ടല്ല. സാധാരണ കണ്ണുകൊണ്ടു് കാണുന്നതിനെയെല്ലാം നിഷേധിക്കാൻ വിപരീതദൃശ്യവുമുണ്ടാകും. ഞാൻ കാണുന്ന സത്യം ഉള്ളിലുള്ള എന്തോ ആണു്.

ഗു: ഈ ഉൾക്കാഴ്ചയെ ഇംഗ്ലീഷിൽ ഇൻറ്യൂഷൻ (intution) എന്നു പറയും. ഇതിനു തുല്യമായ സംസ്കൃതപദം ദർശനം എന്നാണു്. ദർശനം എന്നാൽ ''കാണൽ''. വാസ്തവത്തിൽ 'ഫിലോസഫി' എന്ന പദത്തിനു സംസ്കൃതത്തിലുള്ള വാക്കും ഇതുതന്നെ.

ഹ: ഫിലോസഫിക്കു് സംസ്കൃതത്തിൽ ദർശനം എന്നു പറയുന്നതെന്തുകൊണ്ടാണു്?

ഗു: ഭാരതീയരെ സംബന്ധിച്ചിടത്തോളം തത്ത്വജ്ഞാനത്തിൻെറ ഉദ്ദേശ്യം സത്യം അറിയുക മാത്രമല്ല, ജീവിതയാഥാർത്ഥ്യം എന്ന നിലയിൽ നേരിട്ടു സത്യം കാണണം. അതുകൊണ്ടാണു് അവർ അതിനെ ദർശനം എന്നു വിളിക്കുന്നതു്.

ഹ: ഗുരുജീ, നാമിപ്പോഠം മതമോ, അതോ ദർശനമോ ചർച്ച ചെയ്യുന്നത്?

ഗു: രണ്ടും. കാരണം ഭാരതീയരെ സംബന്ധിച്ചിടത്തോളം മതവും ദർശനവും രണ്ടു പ്രത്യേക വിഷയങ്ങളല്ല.

ഹ: പക്ഷെ നമ്മുടെ സ്കൂളുകളിലും സർവകലാശാലകളിലും വേണമെങ്കിൽ പഠിക്കാവുന്ന ഒരു വിഷയം മാത്രമാണു ഫിലോസഫി. മതം അതുപോലെയല്ല, അതവിടെ പഠിപ്പിക്കാറില്ല.

ഗു: നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം പാശ്ചാത്യ സംസ്കാരത്തിൻെറ സൃഷ്ടിയാണ്. അതുകൊണ്ടാണങ്ങനെ സംഭവിച്ചത്. പാശ്ചാത്യരാജ്യങ്ങളിൽ മതവും ഫിലോസഫിയും രണ്ടു വ്യത്യസ്തപഠനമേഖലകളാണ്. പള്ളികളും മതമേധാവികളും കൈകാര്യം ചെയ്യുന്ന വിഷയമാണു മതം. അവരെ സംബന്ധിച്ചിടത്തോളം ഫിലോസഫി ഉന്നത പഠനത്തിനുള്ളതു മാത്രമാണ്.

ഹ: ഈ വ്യത്യാസം എങ്ങനെ സംഭവിച്ചു?

ഗു: മുൻകാലങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലും മതവും തത്ത്വചിന്തയും വിഭജിക്കപ്പെട്ടിരുന്നില്ല. ഗ്രീസിലും റോമിലും ആചരിച്ചു വന്നിരുന്ന, മതങ്ങളെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമുള്ള വിശദീകരണങ്ങളായിരുന്നു ക്രിസ്തുമതം ആരംഭിക്കുന്നതിനു മുമ്പ്, അവിടത്തെ തത്ത്വചിന്ത. ഗ്രീസിലും റോമിലും അനുഷ്ഠിച്ചുവന്ന മതങ്ങളെ അവിശ്വാസികളുടെ മതം എന്നാണ് ക്രൈസ്തവ ചിന്തകന്മാർ വിളിച്ചിരുന്നത്. ഭാരതീയ പുരാണങ്ങളിലെ മതവുമായി വളരെ സാമ്യമുള്ളവയായിരുന്നു ആ മതങ്ങഠം. ക്രിസ്തുമതാവിർഭാവത്തിനു ശേഷം ബൈബിളിലെ തത്ത്വങ്ങളെ വിശദീകരിക്കാനുള്ള വഴിക്കു തത്ത്വചിന്ത തിരിഞ്ഞു. മദ്ധ്യയുഗത്തിൽ. യൂറോപ്പിൽ പല രാജ്യങ്ങളിലെയും ഔദ്യോഗികമതമായിത്തീർന്നു ക്രിസ്തുമതം. ക്രിസ്തുമതം സ്വീകരിക്കാത്തവരെ കഠിനമായി പീഡിപ്പിക്കുകയും കൊല്ലുക പോലും ചെയ്തു. ശാസ്ത്രത്തിലെ പുതിയ ആശയങ്ങളുടെ ഉപജ്ഞാതാക്കളായ ഗലീലിയോവിൻെറയും ബ്രൂണോവിൻെറയും കഥകഠം കേട്ടുകാണുമല്ലോ. അവരുടെ നൂതനാശയങ്ങഠം പള്ളിയുടെ സിദ്ധാന്തങ്ങഠംക്കു പൊരുത്തപ്പെടാത്തവയാകയാൽ അ

വർ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. ബൈബിൾ സിദ്ധാന്തങ്ങളെ എതിർത്തവരെ അടിച്ചമർത്താനും പീഡിപ്പിക്കാനുമുള്ള ഈ പ്രസ്ഥാനത്തെ ചരിത്രത്തിൽ ഇൻക്വിസിഷൻ (Inquisition) എന്നു വിളിച്ചു പോരുന്നു.

ഹ: തത്ത്വചിന്തയും മതവും രണ്ടായി പിരിഞ്ഞതും ഇൻക്വിസിഷനും തമ്മിൽ എന്താണു ബന്ധം?

ഗു: സ്വതന്ത്രചിന്തകന്മാർക്കിടയിൽ മതത്തിനു നേരേ പൊതുവിലുള്ള വൈമുഖ്യം ജനിപ്പിക്കുന്നതിലാണ് ഇൻക്വിസിഷൻ കലാശിച്ചത്. അവർ പള്ളിയുമായി വേർപിരിയാൻ തുടങ്ങി. തൽഫലമായി തത്ത്വചിന്ത ഒരു സ്വതന്ത്രവിഷയമായിത്തീർന്നു. ദൈവത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും വ്യക്തിജീവിതത്തെക്കുറിച്ചും അവർ നൂതനാശയങ്ങൾ ആവിഷ്കരിച്ചു. പക്ഷേ ഈ ദുരന്തം ഇന്ത്യയിൽ സംഭവിച്ചില്ല. ഇവിടെ തത്ത്വചിന്തയും മതവും ഒരിക്കലും വേർപെട്ടിട്ടില്ല. ഇവിടെ മതം കൂടാത്ത തത്ത്വചിന്തയോ തത്ത്വചിന്ത കൂടാത്ത മതമോ ഇല്ല.

ഹ: തത്ത്വചിന്തയിൽ എന്തെല്ലാം ചോദ്യങ്ങളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്?

ഗു: അറിവിനോടുള്ള സ്നേഹം എന്നാണ് ഫിലോസഫി എന്ന വാക്കിനർത്ഥം. സമസ്ത പ്രപഞ്ചത്തിന്റെയും അംശമെന്ന നിലയിൽ നമ്മെ സ്വയം മനസ്സിലാക്കാനുള്ള ഒരു ശ്രമമാണതു്. കാണപ്പെടുന്നതിനു പിന്നിലുള്ള കാണപ്പെടാത്തതും അറിയപ്പെടാത്തതുമായ സത്യത്തെക്കുറിച്ചുള്ള (ദൈവത്തെക്കുറിച്ചുള്ള) അറിവിന്റെ ഭാഗമാണതു്. വേറൊരു വിധത്തിൽ പറഞ്ഞാൽ, ഈ പഠനത്തിൽ മൂന്നു വസ്തുതകളെ ഒന്നിച്ചു ചേർത്തിരിക്കുകയാണ്. നമ്മൾ, നമുക്കു ചുററുമുള്ള ലോകം, ദൈവം—ഇവയാണവ.

ഹ: ഭാരതീയദർശനത്തിലും ഇങ്ങനെ തന്നെയാണോ?

ഗു: ഉണ്ട്. എന്നാൽ അവർ രണ്ടു പ്രധാന പ്രശ്നങ്ങളാണ്—കൈകാര്യം ചെയ്യുന്നതു്.

ഹ: അവയെന്താണ്?

ഗു: ''ഞാൻ ആരാണ്?'' ''ഈ ലോകം എവിടെ നിന്നു വന്നു.

ഹ: എങ്ങനെയാണ് ഈ ചോദ്യങ്ങൾക്കുത്തരം നൽകിയിട്ടുള്ളതു്.?

ഗു: അതാണ് ഈശാവാസ്യോപനിഷത്തിൽ നാം പഠിച്ചുകൊണ്ടിരിക്കുന്നതു്. സത്യം ഒന്നുമാത്രമേയുള്ളു. അതു സർവവ്യാപിയാണു്, അതിനെ ഈശൻ എന്നു വിളിക്കുന്നു. നമ്മൾ 'ഞാൻ' എന്നു വിളിക്കുന്നതും ഈ ബാഹ്യപ്രപഞ്ചവും അതിൻെറ വ്യത്യസ്ത പ്രകടഭാവങ്ങൾ മാത്രം.

ഹ: അതൊന്നു വിശദീകരിക്കാമോ?

ഗു: സമുദ്രത്തെ സങ്കല്പിക്കുക. അതിൽ അസംഖ്യം തിരമാലകളുണ്ടു്. സമുദ്രത്തിൽ നിന്നു് വേറിട്ടു തിരമാലകൾക്കു ഉണ്മയില്ല തിരകൾ ഉത്ഭവിക്കുന്നതിനു മുമ്പും പിമ്പും തിര ഉള്ളപ്പോഴുമെല്ലാം നിലനിൽക്കുന്നതു് സമുദ്രം മാത്രം. നാം തിരമാലകളുടെ സ്ഥാനത്താണു്. സത്യമാകുന്ന മഹാസമുദ്രത്തിൻെറ മുകൾപ്പരപ്പിൽ പ്രത്യക്ഷമാവുന്ന നൈമിഷികരൂപങ്ങൾ മാത്രമാണു നാം. അതായതു്, നമ്മളും ഏകസത്യവും വിഭിന്നമല്ല. ഒരു തിരമാല സത്യമെന്താണെന്നറിയുമ്പോൾ അതു സമുദ്രത്തെ അറിയുന്നു. അതുപോലെ, നാം നമ്മെത്തന്നെ അറിയുമ്പോൾ പരമസത്യം അറിയുന്നു. ഏതെങ്കിലും ഒരു വസ്തു കാണപ്പെടുമ്പോൾ, കാണുന്നവനുണ്ടു്, കാണപ്പെടുന്ന വസ്തുവുണ്ടു്, കാണൽ എന്ന പ്രവൃത്തിയുമുണ്ടു്. പക്ഷെ ദർശനത്തിൽ, നാം നേരത്തെ കണ്ടതുപോലെ, എല്ലാം ഏകസത്യമായിത്തീരുന്നു.

ഹ: ഗുരുജീ, ഈ വാക്കുകൾ കേൾക്കുമ്പോൾത്തന്നെ എനിക്കു മനശ്ശാന്തി തോന്നുന്നു. അപ്പോൾ സത്യം വാസ്തവത്തിൽ മനസ്സിലാകുമ്പോഴുണ്ടാകുന്ന ശാന്തി എന്തായിരിക്കും!

(തുടരും)

*With the best Compliments !!!*

**HOTEL THE SWAMIJI,**

KILIMANOOR.

**Trivandrum Dist.**

Pin: 695601. Phone 2069

# SREE NARAYANA
# OPEN EDUCATION CENTRE
# KOLLAM

**(Managed by the Sree Narayana Samskarika, Samithy, Kollam)**

*COURSES OFFERED:*

Preparation Courses for Medicine & Enginering Entrance Exam. 1994

LONG TERM WEEK-END AND SHORT TERM INTENSIVE COURSES

**POST-GRADUATE COURSES (parallel)**

M. A. Eng, Mal., Pol. & M. Sc. Maths. (Kerala)

*TUITION CLASSES:*

Expert Tuition for Pre-degree (I & II Groups) Students with not less than 70% marks for SSLC. Exam.

**SREE NARAYANA COLLEGE FOR WOMEN**

(A unit of the S. N. Open Education Centre)

*COURSES OFFERED:*

Pre-degree III & IV Group.
Computer Technology.

**T. D. DATHAN.** — **PROF. S. SIVAPRASAD**
**Secretary, SNS. Samithy.** — **Director.**
**Tel. 77670**

# ദേവീസ്തവം

## നാരായണഗുരു

ലളിതവ്യാഖ്യാനം: മുനി നാരായണപ്രസാദ്

-2-

ഇതുകൊണ്ടുകണ്ടതിലൊരുത്തി നീയെന്നുമീ-
മതിമണ്ഡലത്തൊടു മറുത്തുമറ്റൊന്നിലും
കുതികൊണ്ടുചാടി വലയാതെകണ്ടങ്ങുനിൻ
പദതാരടുത്തു പദമൂന്നി പൊന്നിൻകനി!

| | | |
|---|---|---|
| പൊന്നിൻകനി | = | പൊന്നുതന്നെ തിന്നാൻകൊള്ളാവുന്ന പഴമായിത്തീർന്നതുപോലെയുള്ളവളേ, |
| ഇതുകൊണ്ട് | = | ഇപ്രകാരം ശബ്ദാത്മികയായ നീ മൗനനിലയിൽ എങ്ങും മുഴങ്ങിനില്ക്കുന്നതിനാൽ |
| കണ്ടതിൽ | = | അറിവിന്ന് വിഷയമായിത്തീരുന്ന ദൃശ്യമായ സകലതിലും |
| എന്നും നീ ഒരുത്തി | = | എന്നും സത്യമായിരിക്കുന്നതു നീ ഒരുത്തി മാത്രമാണ്. |
| ഈ മതിമണ്ഡലത്തെ മറുത്ത് | = | ഈ അറിവിന്റെ വ്യാപകതക്ക് നിരക്കാത്തവണ്ണം |
| മറ്റൊന്നിലും | = | നീയല്ലാതെ മറ്റെന്തോ ഉണ്ട് എന്ന ധാരണയോടുകൂടി വെറും തോന്നൽ മാത്രമായ അവയിൽ ഒന്നിൽ പോലും |
| കുതികൊണ്ടുചാടി | = | വിവേകം നശിച്ച് എടുത്തുചാടി |
| വലയാതെകണ്ട് | = | വലഞ്ഞുപോകാതിരിക്കത്തക്കവണ്ണം |
| അങ്ങുനിൻ | = | അപ്രാപ്യമായ അകലത്തിൽ വർത്തിക്കുന്നവളെന്നു കരുതിപ്പോരുന്ന നിന്റെ |

പദതാരടുത്തു് = പാദപത്മത്തിന്നടുത്തു്
പദമൂന്നി = ഞാൻ ചുവടുറപ്പിച്ചിരിക്കുന്നു.

[പൊന്നിൻകനി, ഇപ്രകാരം ശബ്ദാത്മികയായ നീ മൗനനിലയിൽ എന്നും മുഴങ്ങിനില്ക്കുന്നതിനാൽ ദൃശ്യമായ സകലതിലും എക്കാലത്തും സത്യമായിരിക്കുന്നതു് നീ ഒരുവൾ മാത്രമാണു്. ഈ അറിവിന്റെ വ്യാപ്തതകൾ നിരക്കാത്തവണ്ണമാണു്, നീയല്ലാതെ, മറ്റെന്തോ സത്യമുണ്ടെന്നു കരുതി, നിന്നിലുണ്ടാകുന്ന പ്രതീതികൾ മാത്രമായ ദൃശ്യവിഷയങ്ങളുടെ പിന്നാലേ വിവേകമില്ലാതെ എടുത്തുചാടി ഓടുന്നതു്. അങ്ങനെ വലഞ്ഞുപോകാതിരിക്കത്തക്കവണ്ണമാണു് ഞാൻ അചഞ്ചലവും അപ്രാപ്യമെന്ന തോന്നലുളവാക്കുന്നതുമായ നിന്റെ പാദപത്മത്തിനടുത്തുതന്നെ ചുവടുറപ്പിച്ചിരിക്കുന്നതു്.]

**പൊന്നിൻകനി**

പൊന്നു തിന്നാൻ കൊള്ളുകയില്ല. തിന്നാൻകൊള്ളാവുന്ന കനിക്കു പൊന്നിനോളം ആകർഷണീയതയില്ല. വിലയുമില്ല. പൊന്നു വിലയുള്ളതായിരിക്കുന്നതു് അതിന്റെ അഴകും ശാശ്വതത്വവും മൂലമാണു്. കനിയുടെ വില വിശപ്പടക്കാനുള്ള അതിന്റെ കഴിവും ആസ്വാദ്യതയുമാണു്. പൊന്നും കനിയും സമൃദ്ധിയുടെ പ്രതീകങ്ങളാണു്. പൊന്നു് പണത്തിന്റെ സമൃദ്ധിയെക്കാണിക്കുന്നു. കനി വിഭവത്തിന്റെ സമൃദ്ധിയേയും. ഈ രണ്ടുതരം സമൃദ്ധിയും വിരോധംകൂടാതെ ഒന്നിച്ചിരിക്കുന്നിടത്താണു് സുഖമുള്ളതു്. ഇതു സാധാരണ സുഖത്തിന്റെ കാര്യമാണു്. ഇവ രണ്ടും രണ്ടായി ഒരിക്കലും ഇരുന്നിട്ടില്ലാത്ത ഒരിടമുണ്ടു്. അതാണു നീ. അങ്ങനെയാണു നീ പൊന്നിൻകനിയായതു്.

**ഇതുകൊണ്ടു്**

ശബ്ദാകാരയായ നീയാണു് എന്നിലും ഞാനല്ലാത്തതിലും മൗനനിലയായി മുഴങ്ങുന്നതു് എന്നാണല്ലോ കഴിഞ്ഞശ്ലോകത്തിൽ കണ്ടതു്. അതിന്റെ തുടർച്ചയെന്നവണ്ണമാണു് ഞാൻ ഇവിടെ നിന്നെ ദർശിക്കുന്നതു്.

**കണ്ടതിൽ ഒരുത്തി നീ എന്നും**

എന്തൊക്കെയാണു ഞങ്ങൾ ഇവിടെ കാണുന്നതു്! പരമാണു മുതൽ ബ്രഹ്മാണ്ഡകടാഹംവരെ ഈ പ്രപഞ്ചം പരന്നുകിട

ക്കുന്നു. അതിനുള്ളിൽ പൊരുളായിരിക്കുന്നതു ഭൗതികദ്രവ്യം മുതൽ ബോധംവരെയായി വിരിഞ്ഞുനില്ക്കുന്നു. എല്ലാം ഉള്ളതാണെന്ന പ്രതീതി മുതൽ ഒന്നും ഇല്ലാത്തതാണെന്ന പ്രതീതിവരെ അനുഭവപ്പെടുന്നു. ജീവിതം നൈമിഷികമാണെന്നു തോന്നുന്നു, ജീവിതം അനാദ്യന്തമാണെന്നു തോന്നുന്നു. ജീവിതം ആകർഷണീയമാണെന്നും തോന്നുന്നു. ദുഃഖമയമാണെന്നും തോന്നുന്നു. ഇങ്ങനെ ഏതെല്ലാം തരത്തിൽക്കണ്ടാലും അതിലൊക്കെ നിറഞ്ഞിരിക്കുന്നതു് നീ ഒരുത്തി തന്നെയാണു്. ഇക്കണ്ടതൊക്കെ മാറി മാറിവരും. അതിലടങ്ങിയിരിക്കുന്ന നീയാകട്ടെ എന്നും ഉള്ളതാണു്. കുടത്തിലും കലത്തിലും ചട്ടിയിലും ഒക്കെ സത്യമായിരിക്കുന്നതു മണ്ണാണു്. അതുപോലെ ഇവിടെ ഇന്ദ്രിയഗോചരമായിരിക്കുന്ന ദൃശ്യങ്ങളിലെല്ലാം നിറഞ്ഞിരിക്കുന്ന അദൃശ്യമായ സത്യം നീയാണു്.

## ഈ മതിമണ്ഡലത്തൊടു മറുത്തു

കാണപ്പെടുന്നതിലൊക്കെ നിറഞ്ഞിരിക്കുന്ന പൊരുളും നീയൊരുത്തിയാണെന്നതാണു് അറിവിൻെറ അന്തം, അഥവാ വേദാന്തം. ആ അറിവുണ്ടാകുമ്പോഴാണു്, ഞങ്ങളൊക്കെ അറിവു നേടിയവരാണെന്നു കരുതിയിരുന്നപ്പോഴും ഉണ്ടായിരുന്ന അറിവു് എത്ര തുച്ഛമാണെന്നറിയുന്നതു്. നീ ഏകമായ സദവസ്ഥ മാത്രമല്ല. ആനന്ദസ്വരൂപിണിയുമാണല്ലൊ. കണ്ടതിലൊക്കെയുള്ള ഒരുത്തിയായി നിന്നെ കാണുന്ന അറിവു് കേവലം ഒരറിവു മാത്രമല്ല, പരമാനന്ദാനുഭവം കൂടിയാണു്. ഈ പരമാനന്ദം അനുഭവിച്ചവർ മാത്രമേഅറിയുന്നുള്ളു നമ്മളൊക്കെ് സുഖംഎന്നു വിളിച്ചുപോരാറുള്ളതു് എത്ര തുച്ഛമാണെന്നു്. സ്വർണ്ണനാണയം കൈവശമുള്ളവർ ചെമ്പുതുട്ടിന്നു വല്ല വിലയും കല്പിക്കുമോ? ഇവിടെയാകട്ടെ പൊന്നുതന്നെ കനിയായിത്തീർന്നിരിക്കയാണു്. അതു കൈവശമായ ആരാണു് നിസ്സാരവും നൈമിഷികവുമായ സുഖങ്ങളുടെ പിന്നാലെ പോകുന്നതു്?

മാത്രമല്ല ഈ രണ്ടുതരം അറിവുകളുടെയും സുഖങ്ങളുടെയും സ്വഭാവം വിപരീതമാണു്. തുച്ഛമായ അറിവും സുഖാന്വേഷണവും പരപ്പനേ പൊയ്ക്കൊണ്ടിരിക്കും. എന്നാൽ മഹത്തായ അറിവും, സുഖാന്വേഷണവുമാകട്ടെ, തന്നിൽത്തന്നെ ഉറഞ്ഞുനിന്നുകൊണ്ടു് സ്വയം ഉയരുന്ന ഒന്നാണു്. നിൻെറ മൊഴിയുടെ മൗനനില അനുഭവിച്ചറിഞ്ഞവർക്കു്, തന്നിൽത്തന്നെ

ഉറച്ചുനില്ക്കുന്നു എന്നതും നിന്നിൽ ഉറച്ചുനിൽക്കുന്നു എന്നതും രണ്ടല്ല. അതിനെ മറന്നു് തുച്ഛമായ അറിവുകളിലും സുഖങ്ങളിലും ശ്രദ്ധ ഉറയ്ക്കുമ്പോഴാണു്, ജീവിതമാകെ ഒരു വലച്ചിലാണു് എന്ന അനുഭവം, പടിപടിയായി തെളിഞ്ഞുവരുന്നതു്.

## കുതികൊണ്ടു ചാടിവലയാതെ

ഈ വലച്ചിൽ ജീവിതത്തിൽ ഉണ്ടായിപ്പോകുന്നതു്, അവിവേകംമൂലമുള്ള എടുത്തുചാട്ടം കൊണ്ടാണു്. എടുത്തുചാട്ടം നില്ക്കണമെങ്കിൽ, വിവേകം ഉദിക്കണം. അവിവേകം എന്നു പറഞ്ഞാൽ, മൗനനിലയായി മുഴങ്ങിനില്ക്കുന്ന നിന്നെക്കാണാതെ, കണ്ടതിനെയൊക്കെ സത്യമായിക്കരുതുന്ന ഞങ്ങളുടെ സ്വഭാവം തന്നെയാണെന്നറിയാം. എല്ലാ വലച്ചിലും ഇല്ലാതാക്കുന്നവഴി നിന്നിൽ ഞാൻ കാണുന്നു. ആ വഴി നിന്നിൽ എന്നെ ഉറപ്പിച്ചുനിറുത്തുകമാത്രമാണു്.

## പദതാരടുത്തു പദമൂന്നി

നീ ഉറച്ചുനില്ക്കുന്നതു് ആ പാദകമലങ്ങളിലാണല്ലോ. അതിനോടടുത്തുതന്നെ എന്റെ പാദവും ഞാൻ ഉറപ്പിക്കുന്നു. നിന്റെ പാദങ്ങളോടു് എന്റെ പാദങ്ങൾക്കുള്ള സാമീപ്യം എത്രയുണ്ടു് എന്നതനുസരിച്ചിരിക്കും ഈ ചുവടുറപ്പിക്കലിന്റെ സ്ഥിരത. സാമീപ്യം പരമാവധിയായി നിന്റെ പാദവും എന്റെ പാദവും രണ്ടല്ലാത്തതായിത്തീർന്നാൽ പിന്നെ മറെറാന്നും നേടാനുമില്ല.

നിന്റെ പാദാന്തികത്തിൽ ഭക്തന്മാർ എത്തുന്നതു, നിന്റെ പാദസേവ ചെയ്യാനാണല്ലോ. നിന്നെ ഭജിക്കുകതന്നെയാണു് ഏററവും വലിയ സേവ. ഭജിക്കുന്നവനാണല്ലോ ഭക്തൻ. ഭജനം അതിന്റെ അന്തിമലക്ഷ്യത്തിലെത്തുന്നതു് ഭക്തനും നീയും തമ്മിലുള്ള ഏകീഭാവത്തിലാണു്. ആ ഏകത കണ്ടറിഞ്ഞവനാണു് ഇപ്പോൾ നിന്റെ പദതാരടുത്തു് പദമൂന്നിയിരിക്കുന്നതു്. അപ്പോൾ ആ അടുപ്പവും പാരമ്യത്തിലെത്തിയിരിക്കണം. അടുപ്പത്തിന്റെ പാരമ്യമാണല്ലോ ഏകത. സാമീപ്യം സായൂജ്യത്തിലല്ലേ അവസാനിക്കുന്നതു്! (തുടരും)

# മുണ്ഡകോപനിഷത്ത്

## വ്യാഖ്യാനം: മുനി നാരായണപ്രസാദ്

### മുണ്ഡകം-3, ഖണ്ഡം-1

മന്ത്രം-9

സ യോ ഹ വൈ തത് പരമം ബ്രഹ്മ വേദ
ബ്രഹ്മൈവ ഭവതി നാസ്യാബ്രഹ്മവിത്കുലേ ഭവതി
തരതി ശോകം തരതി പാപ്മാനം
ഗുഹാ ഗ്രന്ഥിഭ്യോ വിമുക്തോഽമൃതോ ഭവതി

| | | |
|---|---|---|
| തത് പരമം | = | ആ പരമമായ |
| ബ്രഹ്മ വേദ | = | ബ്രഹ്മത്തെ അറിയുന്നതു് |
| യഃ ഹ വൈ | = | ആരായിരുന്നാലും |
| സഃ | = | അവൻ |
| ബ്രഹ്മ ഏവ ഭവതി | = | ബ്രഹ്മം തന്നെയായിരിക്കുന്നു. |
| അസ്യ കുലേ | = | അങ്ങനെയുള്ളവൻെറ കുലത്തിൽ |
| അബ്രഹ്മവിത് | = | ബ്രഹ്മജ്ഞനല്ലാത്തവൻ |
| ന ഭവതി | = | ഉണ്ടായിരിക്കുകയില്ല. |
| ശോകം തരതി | = | അവൻ ശോകത്തെ തരണം ചെയ്യുന്നു. |
| പാപ്മാനം തരതി | = | പാപങ്ങളെ തരണം ചെയ്യുന്നു. |
| ഗുഹാ ഗ്രന്ഥിഭ്യഃ | = | ഗുഹയുടെ അഥവാ അജ്ഞാനത്തിൻെറ ഗ്രന്ഥികളിൽ നിന്നു് |
| വിമുക്തഃ | = | വിമുക്തനായ അവൻ |
| അമൃതഃ ഭവതി | = | അമൃതനായിത്തീരുന്നു. |

(ആ പരമമായ ബ്രഹ്മത്തെ അറിയുന്നതു് ആരായിരുന്നാലും അവൻ ബ്രഹ്മം തന്നെയായിരിക്കുന്നു. അങ്ങനെയുള്ളവൻെറ കുലത്തിൽ ബ്രഹ്മജ്ഞാനികളല്ലാത്തവർ ഉണ്ടായിരിക്കുകയില്ല. അവൻ ശോകത്തെ തരണം ചെയ്യുന്നു പാപപുണ്യങ്ങളെ തരണം ചെയ്യുന്നു. അജ്ഞാനത്തിൻെറ ഗ്രന്ഥികളിൽ നിന്നു വിമുക്തനായ അവൻ അമൃതനായിത്തീരുന്നു.)

'ബ്രഹ്മവേദ ബ്രഹ്മൈവ ഭവതി' (ബ്രഹ്മജ്ഞാനി ബ്രഹ്മം തന്നെയാണ്) എന്ന സുപ്രസിദ്ധമായ വാക്യം വരുന്ന മന്ത്രമാണിതു്. ബ്രഹ്മജ്ഞാനി ബ്രഹ്മമായിരിക്കുന്നതു മരണാനന്തരം മാത്രമല്ല. അമൃതമായ ഒന്നിനെമാത്രം പരമമായ സത്യമായിക്കാണുന്ന ബ്രഹ്മജ്ഞാനിക്കു ജീവിതകാലമെന്നും മരണാനന്തരമെന്നുമുള്ള ഭേദബുദ്ധിപോലും ഉണ്ടായിരിക്കുകയില്ല.

അവന്റെ കുലത്തിൽ ബ്രഹ്മജ്ഞാനികളല്ലാത്തവർ ഉണ്ടായിരിക്കുകയില്ല എന്നുപറയുന്നതിലെ 'കുലം' കുടുംബംതന്നെയാകണമെന്നില്ല. ആദ്ധ്യാത്മികകുടുംബമായ ഗുരുകുലമായിരുന്നാലും മതി. പുരാതന ഗുരുകുലങ്ങളിൽ പുത്രന്മാരും ശിഷ്യന്മാരും ഒന്നുതന്നെയായിരുന്നു എന്നതും ഓർക്കണം.

പാപത്തെ തരണം ചെയ്യുന്നതോടൊപ്പം പുണ്യത്തെയും തരണം ചെയ്യുന്നതായി കാണണം. പാപത്തിനു സ്ഥാനമുള്ളിടത്തു പുണ്യത്തിനും സ്ഥാനമുണ്ടാവും. രണ്ടിനും അതീതനാണ് ബ്രഹ്മജ്ഞാനി.

മന്ത്രം–10

തദേതദൃചാഭ്യുക്തം
ക്രിയാവന്തഃ ശ്രോത്രിയാ ബ്രഹ്മനിഷ്ഠാഃ
സ്വയം ജുഹ്വത ഏകർഷിം ശ്രദ്ധയന്തഃ
തേഷാമേവൈതാം ബ്രഹ്മവിദ്യാം വദേത
ശിരോവ്രതം വിധിവദ്യൈസ്തു ചീർണ്ണം.

| | |
|---|---|
| തത് | = അതിനെ സംബന്ധിച്ച് |
| ഏതത് | = ഈ നിബന്ധന |
| ഋചാ | = ഋക്കിനാൽ |
| അഭ്യുക്തഃ | = പറയപ്പെട്ടിരിക്കുന്നു. |
| യൈഃ തു | = യാതൊരുവരാൽ |
| ശിരോവ്രതം | = ശിരോവ്രതം |
| വിധിവത് | = വിധിപ്രകാരം |
| ചീർണം | = അനുഷ്ഠിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവോ |
| ക്രിയാവന്തഃ | = തത്ത്വങ്ങളെല്ലാം പ്രയോഗത്തിൽ വരുത്തുന്നശീലമുള്ളവരും |
| ബ്രഹ്മനിഷ്ഠാഃ | = ബ്രഹ്മസത്യത്തിൽ നിഷ്ഠയോടുകൂടിയവരും |
| ഏകർഷിം | = ഏകർഷിയെ |

സ്വയം ജൂഹ്വത = തന്നെത്താൻ ഹോമിക്കുന്നവരും
ശ്രദ്ധയന്തഃ = ഗുരുവാക്യത്തിലും ശാസ്ത്രത്തിലും വിശ്വാസമുള്ളവരും ആയ
തേഷാം ഏവ = അവർക്കു മാത്രമേ
ഏതാം ബ്രഹ്മവിദ്യാം = ഈ ബ്രഹ്മവിദ്യയെ
വദേത = പറഞ്ഞുകൊടുക്കാവൂ.

(ഈ വിദ്യയെ സംബന്ധിച്ച് ഇങ്ങനെ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു:

ശിരോവ്രതം വിധിപ്രകാരം അനുഷ്ഠിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളവരും, തത്ത്വങ്ങളെ പ്രയോഗത്തിൽ വരുത്തുന്ന ശീലമുള്ളവരും, ബ്രഹ്മസത്യത്തിൽ നിഷ്ഠയോടുകൂടിയവരും, ഏകർഷി എന്ന അഗ്നിയിൽ സ്വയം ഹോമിക്കുന്നവരും, ഗുരുവാക്യത്തിലും ശാസ്ത്രങ്ങളിലും തികഞ്ഞ വിശ്വാസമുള്ളവരും ആയവർക്കുമാത്രമേ ഈ ബ്രഹ്മവിദ്യയെ പറഞ്ഞുകൊടുക്കാവൂ.)

അഥർവവേദപ്രകാരമുള്ള ഒരു വ്രതമാണ് ശിരോവ്രതം. ബാഹ്യസൗന്ദര്യത്തിൽ മുഖ്യസ്ഥാനം വഹിക്കുന്ന അവയവം ശിരസ്സാണ്. അതിന്റെ മോടിയിൽ ഭ്രമിക്കാതിരിക്കുന്നതിനെ ഒരു വ്രതമായി കരുതുന്നതിനെ ശിരോവ്രതമായി കണക്കാക്കാം. തല മുണ്ഡനം ചെയ്യുക, മുടി വളർത്തുക ഇതൊക്കെ ഇതിൽപ്പെടാം. വൈദികമായ ഒരു വ്രതത്തെ വേദാന്തത്തിന്റെ തലത്തിൽ മൂല്യനവീകരണം ചെയ്തു സ്വീകരിച്ചിരിക്കുന്നതാണ് ഈ ശിരോവ്രതം.

ഏകർഷിയും അതുപോലെതന്നെ. ഏകർഷി എന്ന അഗ്നിയെ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്ന ശീലമാണ് വൈദികസമ്പ്രദായത്തിലുള്ളത്. എന്നാൽ ഈശാവാസ്യോപനിഷത്തിൽ ബ്രഹ്മത്തെത്തന്നെ ഏകർഷിയായി ഭാവന ചെയ്തിട്ടുണ്ട്. ആ ഏകർഷിയിൽ തന്നെത്തന്നെ ഹോമിക്കുന്ന ശീലമാണ് വേദാന്തത്തിനു സമ്മതമുള്ളതായിത്തീരുന്നത്.

ഈ ഉപനിഷത്തിൽ അവതരിപ്പിച്ച ബ്രഹ്മവിദ്യാരഹസ്യത്തെ പരമ്പരയാ പകർന്നുകൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരിക്കേണ്ട ചില കാര്യങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത് എന്നതു വ്യക്തമാണല്ലോ. ബ്രഹ്മവിദ്യാരഹസ്യം കണ്ടേടത്തു സ്ഥലങ്ങളിൽ പ്രസംഗിക്കേണ്ടതല്ല; തികച്ചും അധികാരികളായവർക്കു മാത്രം ഉപദേശിച്ചുകൊടുക്കേണ്ടതാണ് എന്നു സാരം.

മന്ത്രം-11

തദേതത്സത്യമൃഷിരംഗിരാ പുരോവാച
നൈതദചീർണവ്രതോഽധീതേ
നമഃ പരമൠഷിഭ്യോ നമഃ പരമൠഷിഭ്യഃ

| | | |
|---|---|---|
| തത് ഏതത് | = | ആ ഇതാകുന്ന (ഇതുവരെ പറയപ്പെട്ടതായ ബ്രഹ്മവിദ്യാരഹസ്യമാകുന്ന) |
| സത്യം | = | സത്യം |
| ഋഷിഃ അംഗിരാ | = | അംഗിരസ് എന്ന ഋഷി |
| പുരാ | = | പണ്ട് |
| ഉവാച | = | പറഞ്ഞുകൊടുത്തു. |
| ഏതത് | = | ഇതിനെ |
| അചീർണവ്രതഃ | = | വ്രതം അനുഷ്ഠിക്കാത്തവനു് |
| ന അധീതേ | = | അഭ്യസിപ്പിക്കരുതു് |
| പരമ ഋഷിഭ്യഃ നമഃ | = | പരമമായ സത്യം ദർശിച്ചിട്ടുള്ള ഗുരുക്കന്മാർക്കു നമസ്കാരം. |

(ഇതുവരെ പറയപ്പെട്ടതായ ബ്രഹ്മവിദ്യാരഹസ്യമാകുന്ന സത്യമാണു് അംഗിരസ് പണ്ടു ശൗനകനു പറഞ്ഞു കൊടുത്തതു്. ഇതിനെ വ്രതം അനുഷ്ഠിക്കാത്തവനു് അഭ്യസിപ്പിക്കരുതു്. പരമമായ സത്യം ദർശിച്ച ഗുരുക്കന്മാർക്കു നമസ്കാരം. പരമഗുരുക്കന്മാർക്കു നമസ്കാരം)

ഈ ഉപനിഷത്താരംഭിച്ചതു് ഈ ബ്രഹ്മവിദ്യ ബ്രഹ്മാവു് അഥർവനും അഥർവൻ അംഗിരനും, അംഗിരൻ ഭാരദ്വാജനായ സത്യസഹനും, ഭാരദ്വാജൻ അംഗിരസ്സിനും ഉപദേശിച്ചു കൊടുത്തു എന്നു പറഞ്ഞുകൊണ്ടാണു്. അംഗിരസ്സിനെ സമീപിച്ചിട്ടാണു് ഈ ഉപനിഷത്തിലെ ശിഷ്യനായ ശൗനകൻ 'ഏതൊന്നറിഞ്ഞാൽ സർവവും അറിഞ്ഞതായിത്തീരും?' എന്ന ചോദ്യം ചോദിക്കുന്നതു്. ആ ചോദ്യത്തിനു നൽകിയ ഉത്തരമാണു നാം പഠിച്ചുകഴിഞ്ഞതു്.

ഈ വിദ്യ അധികാരമില്ലാത്തവർക്കും, അധികാരം സ്വജീവിതചര്യകളിൽ പ്രകടമായി കാണാത്തവർക്കും ഉപദേശിച്ചുകൊടുക്കരുതു് എന്ന മുന്നറിയിപ്പു നൽകിക്കൊണ്ടു് ഉപനിഷത്തു്

അവസാനിക്കുന്നു. യോഗ്യരായ ശിഷ്യന്മാരിലേക്കു പകർന്നു കൊടുത്തുകൊണ്ടു് ഈ ബ്രഹ്മവിദ്യാപാരമ്പര്യം മുറിയാതെ നിലനിറുത്തേണ്ടതാണു് എന്ന ആഹ്വാനവും ഇതിൻെറ പിന്നിലുണ്ടു്.

സത്യദർശികളായ എല്ലാ ഗുരുക്കന്മാർക്കും നമസ്കാരം.

ഓം ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാ
ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ
സ്ഥിരൈരംഗൈസ്തുഷ്ടുവാംസഃ
തനൂഭിർ വ്യശേമ ദേവഹിതം യദായുഃ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

(അവസാനിച്ചു)

greetings !

THE TRAVANCORE POTTERIES-TILES

MAILAKKADU P.O, KOTTIYAM-691571

Phone: Resi: 274
Office: 256

TRADE MARK QUILON TILE WORKS

QUILON TILE WORKS

Manufacturers of High Class Single Elephant, Single Lion Mark Mangalore Pattern Roofing Tiles & Wirecut.



# ഗുരുകുല ബാലലോകം

പ്രിയ കൂട്ടുകാരേ,

കേനോപനിഷത്തിലെ ചെറിയൊരു കഥയാണ് ഈ ലക്കത്തിലെ ഗുരുകുലബാലലോകത്തിൽ കൂട്ടുകാർ വായിക്കാൻ പോകുന്നത്.

സാമവേദത്തിൽപ്പെട്ട തലവകാരബ്രാഹ്മണത്തിൽ ഒമ്പതദ്ധ്യായങ്ങളുള്ളതിൽ, അവസാന അദ്ധ്യായം കേനോപനിഷത്താണ്. 'കേനേഷിതം' (ആരുടെ പ്രേരണയാലാണ്?) എന്ന ഉപനിഷത്തിലെ ആദ്യവാക്കിൽ നിന്നാണ് 'കേനോപനിഷത്ത്'' എന്ന പേരിതിനു ലഭിച്ചത്.

ആരുടെ പ്രേരണകൊണ്ടാണ മനസ്സുണരുന്നത്, പ്രാണൻ ശരീരത്തിൽ പ്രവർത്തനനിരതമാകുന്നത്, വാക്കുകൾ ഉച്ചരിക്കപ്പെടുന്നത്, കണ്ണു തുടങ്ങിയ പഞ്ചേന്ദ്രിയങ്ങൾ അതാതിന്റെ വിഷയത്തോടു ബന്ധപ്പെടുന്നത് എന്നിങ്ങനെ ചോദിച്ചുകൊണ്ടാണ് ഉപനിഷത്തിന്റെ ആരംഭം. നമുക്കു നേരിട്ടനുഭവമുള്ള കാര്യങ്ങളിൽ നിന്നും അദൃശ്യവും അപ്രമേയവും സർവ്വത്ര നിറഞ്ഞിരിക്കുന്നതുമായ പരമാർത്ഥസത്യത്തിലേക്കു നമ്മെ നയിക്കാൻ പോരുന്ന ചോദ്യങ്ങളാണിവ. മനുഷ്യരെക്കാൾ ശ്രേഷ്ഠരെന്നു കരുതപ്പെടുന്ന ദേവന്മാർക്കുപോലും ബ്രഹ്മസത്യം അറിയാൻ പ്രയാസമാണ് എന്നു തെളിയിക്കുന്ന ഒരു കഥ ഇതിൽ പറയുന്നു. അതു് ഇങ്ങനെയാണ്.

അമൃതലബ്ധിക്കുവേണ്ടി നടന്ന ദേവാസുരയുദ്ധത്തിൽ വിജയിക്കാൻ കഴിഞ്ഞതിൽ ദേവന്മാർ വളരെയധികം അഹങ്കരിച്ചു. എന്നാൽ ഈ വിജയവും അതുകൊണ്ടുണ്ടായ മാഹാത്മ്യങ്ങളും ബ്രഹ്മത്തിൻേറതാണെന്നു് അവൎക്കു മനസ്സിലാക്കാൻ കഴിയാത്തതാണു് അവരുടെ വിജയലഹരിക്കു കാരണം. അധഃപതനത്തിലേക്കു നീങ്ങിയ അവരുടെ ഗർവ്വടക്കി മിഥ്യാഭിമാനത്തിൽ നിന്നും അവരെ സ്വതന്ത്രരാക്കാൻവേണ്ടി ബ്രഹ്മം നടത്തുന്ന പരീക്ഷയാണു സന്ദർഭം.

ഒരു യക്ഷ (ഭൂത)ത്തിൻെറ രൂപത്തിൽ ബ്രഹ്മം ദേവന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഇതിനെ കണ്ട ദേവന്മാർക്കു് ഈ ഭൂതം എന്താണു് എന്നറിയാൻ കഴിഞ്ഞില്ല. ദേവന്മാർ അഗ്നിദേവനോടു്, അല്ലയോ ജാതവേദസ്സേ, ഈ യക്ഷൻ ആരാണെന്നറിഞ്ഞുവരുക എന്നഭ്യർത്ഥിച്ചു. അഗ്നി തനിക്കു വളരെ നിസ്സാരമായി നിർവ്വഹിക്കാൻ കഴിയുന്ന കാര്യമെന്നമട്ടിൽ ''അങ്ങനെയാകട്ടെ'' എന്നു മറുപടിപറഞ്ഞു. യക്ഷനുനേരെ ചെന്ന അഗ്നിയോടു് 'നീ ആരു്'' എന്നു യക്ഷൻ ചോദിച്ചു. 'അഗ്നി' യെന്നും 'ജാതവേദസ്സ്'' എന്നും പ്രസിദ്ധിയുള്ള അഗ്നിയാണു താനെന്നു് അഗ്നിദേവൻ മറുപടിനല്കി. ഈ അവകാശവാദം കേട്ട യക്ഷൻ അഗ്നിയോടു തുടൎന്നു ചോദിച്ചു: അങ്ങനെയുള്ള നിന്നിൽ എന്തു വീര്യമാണുള്ളതു്?

ഭൂമിയിൽ എന്തെല്ലാം ഉണ്ടോ അതിനെയെല്ലാം തനിക്കു ദഹിപ്പിക്കാൻ കഴിയുമെന്നു് അഗ്നി മറുപടിപറഞ്ഞു.

യക്ഷൻ ഒരു പുൽക്കൊടി എടുത്തു് അഗ്നിയുടെ മുമ്പിൽ ഇട്ടിട്ടു് ഇതിനെ ഒന്നു ദഹിപ്പിക്കൂ എന്നാവശ്യപ്പെട്ടു.

അഗ്നി സർവ്വവേഗത്തോടും കൂടി പുല്ലിനെ ദഹിപ്പിക്കാൻ പാഞ്ഞടുത്തു എന്നാൽ ജാതവേദസ്സായ (എല്ലാം അറിയാൻ കഴിയുന്നവനും തേജസ്സുള്ളവനും) അഗ്നിക്കു് ആ പുല്ലിനെ ദഹിപ്പിക്കാൻ കഴിഞ്ഞില്ല. അപ്പോഴുംതന്നെ അഗ്നി പിന്മാറി. തനിക്കു യക്ഷനെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നു് അഗ്നി. ദേവന്മാരെ അറിയിച്ചു.

അഗ്നിദേവൻെറ പരാജയപൂർവമുള്ള പിന്മാററം ദേവന്മാൎക്കു യക്ഷനിൽ തോന്നിയ വിസ്മയം ഒന്നുകൂടി വൎദ്ധിപ്പിച്ചു. അതിനാൽ അവർ എല്ലായിടത്തും കടന്നുചെല്ലാൻ കരുത്തുള്ള വായു

ദേവനെ സമീപിച്ചു് ഇങ്ങനെ അപേക്ഷിച്ചു ''അല്ലയോ വായുവേ ഈ യക്ഷൻ എന്താണു് എന്നു് അറിഞ്ഞുവരണം.''

''അങ്ങനെയാകട്ടെ'' എന്നു വായു മറുപടിപറഞ്ഞു. അഗ്നി തോററുപിന്മാറിയ സ്ഥാനത്തു കടന്നുചെല്ലുവാൻ വായുവിനു ധൈര്യം പകന്നതു് തനിക്കു് എല്ലായിടത്തും തടസ്സംകൂടാതെ സഞ്ചരിക്കാൻ കരുത്തുണ്ടു് എന്നുള്ള ധാരണയിലായിരിക്കണം.

വായുദേവൻ യക്ഷനുനേരേ ചെന്നു. ''നീ ആരാണു്'', യക്ഷൻെറ ചോദ്യം.

''വായുവെന്നും മാതരിശ്വാവെന്നും കീർത്തികേട്ട വായു'' എന്നു വായുവിൻെറ മറുപടി.

''വായുവെന്നും മാതരിശ്വാവെന്നും പുകൾപെററ നിൻെറ വീര്യമെന്താണു്?'' യക്ഷൻെറ തുടന്നുള്ള ചോദ്യം.

''ഭൂമിയിൽ എന്തെല്ലാം ഉണ്ടോ അതിനെയെല്ലാം അടിച്ചു പറത്താൻ കഴിയുംഎനിക്കു്.'' വായു മറുപടിനല്കി.

ഒരു പുൽക്കൊടി നുള്ളിയെടുത്തു് വായുദേവൻെറ മുമ്പിൽ ഇട്ടിട്ടു്, ഇതിനെ എടുത്തുമാററുക, എന്നായി യക്ഷൻ.

ഭൂമിയിൽ നുള്ളിയിട്ടനിലയിൽ കിടക്കുന്ന പുൽക്കൊടിക്കുള്ള ശക്തിയെവിടെ, ഏതു വന്മരങ്ങളെയും കടപുഴക്കിയെറിയാൻ ശക്തിയുള്ള കൊടുങ്കാററായി ഭാവംപകരാൻ കഴിയുന്ന വായുവിൻെറ ശക്തിയെവിടെ.

നിഷ്പ്രയാസം സാധിക്കാമെന്നുള്ള മട്ടിൽ, യക്ഷൻെറ വാക്കുകേട്ടയുടനെ, വായു സർവ്വവേഗത്തോടുംകൂടി പുല്ലിനെ പറത്താനായി ആഞ്ഞുവീശിവന്നു. എന്നാൽ കഷ്ടമെന്നുപറയട്ടേ, അതിനെ അനക്കാൻപോലും വായുവിനു കഴിഞ്ഞില്ല. വായു തോററു പിന്തിരിഞ്ഞുപോന്നു.

ഈ യക്ഷൻ എന്താണെന്നു തനിക്കു് അറിയാൻ കഴിഞ്ഞില്ല എന്നുള്ള ദുഃഖസത്യം വായുദേവൻ മററു ദേവന്മാരെ അറിയിച്ചു.

രണ്ടു മുഖ്യദേവന്മാർ, ഇവിടെ തോററുപിന്മാറിയതായി പറഞ്ഞുകൊണ്ടു് ഉപനിഷദൃഷി നമുക്കു നൽകുന്ന പാഠം, മനുഷ്യരായ നമ്മുടെ മിഥ്യാഭിമാനവും അഹങ്കാരവും പരമാർത്ഥജ്ഞാനസമ്പാദനത്തിനു തടസ്സമാണെന്നുള്ളതാണു്.

അഗ്നിയും വായുവും യക്ഷനെ അറിയുന്നതിൽ പരാജിതരായപ്പോൾ ദേവന്മാർ ദേവേന്ദ്രനെതന്നെ ശരണംപ്രാപിച്ചു.

ദേവന്മാർ അറിവിനെ പ്രതിനിധാനം ചെയ്യുമ്പോൾ ദേവേന്ദ്രൻ അറിവിൻെറ പീഠസ്ഥാനമാണല്ലോ അലങ്കരിക്കുന്നതു്

''അല്ലയോ മഘവാവേ (പൂജനീയ) ഇക്കാണുന്ന ഭൂതം എന്താണെന്നറിയുക'' എന്ന ദേവന്മാരുടെ അപേക്ഷകേട്ടു്, ദേവേന്ദ്രൻ, ''അതേ'' എന്നു് പറഞ്ഞു.

ഇന്ദ്രൻ യക്ഷൻെറ നേക്കുചെന്നു അപ്പോൾതന്നെ ഇന്ദ്രനിൽ നിന്നും യക്ഷൻ മറഞ്ഞുകളഞ്ഞു. എന്നാൽ ദൃഢചിത്തനും മററു ദേവന്മാരോടുത്തരവാദിത്വബോധവുമുള്ള ദേവേന്ദ്രൻ അവിടെ നിന്നും പിന്മാറാതെ അതു് എന്താണു് എന്നറിയാനുള്ള ജിജ്ഞാസയോടെ അവിടെത്തന്നെ നിന്നു അപ്പോൾ പ്രകാശരൂപിയായ യക്ഷൻ പ്രത്യക്ഷപ്പെട്ടു മറഞ്ഞുപോയ ആകാശദേശത്തിൽ വളരെയധികം ശോഭയോടുകൂടിയ ഹിമവൽപുത്രിയായ ഉമാസ്വരൂപിണിയെ ദേവേന്ദ്രൻ കണ്ടു. ഉമയെ സമീപിച്ചു് അദ്ദേഹം ചോദിച്ചു ഈ യക്ഷൻ എന്താണെന്നു്. അതിനു ഹൈമാവതിയായ ഉമയുടെ മറുപടി, ഇതുവരെ പ്രത്യക്ഷനായിനിന്നിട്ടു് മറഞ്ഞുപോയ യക്ഷൻ ബ്രഹ്മമാണു് എന്നായിരുന്നു. ബ്രഹ്മത്തിൻെറ വിജയത്താലാണു് നിങ്ങൾക്കു് ഈ മാഹാത്മ്യം ഉണ്ടായതു്. അങ്ങനെ അതു് ബ്രഹ്മമെന്നു് അറിയാൻ കഴിഞ്ഞ ദേവേന്ദ്രൻ വഴി മററു ദേവന്മാരും അതു് ബ്രഹ്മമാണു് എന്നറിഞ്ഞു.

പ്രപഞ്ചത്തിലെ സർവ ചലനങ്ങൾക്കും കാരണമായിരിക്കുന്ന ബ്രഹ്മത്തിൻെറ പ്രേരണയാണു് ഈ ഉപാഖ്യാനത്തിൽ കൂടി ഉപനിഷത്തു് വെളിപ്പെടുത്തുന്നതു് —ഉണ്ണിയണ്ണൻ.


## മിലരേപ- വിനയചൈതന്യ

ഗുരുനിത്യചൈതന്യയതിയുടെ അവതാരികയിൽ നിന്നു്

'' ഇതാ ഒരു പുസ്തകം! ഉ മ്മാതിരി ഒരു പുസ്തകം നിങ്ങൾ വായിച്ചിരിക്കനിടയില്ല. എന്തുകൊണ്ടെന്നാൽ ഇതുപോലെ വേറൊരു പുസ്തകമില്ല ആകെപ്പാടെ നോക്കുമ്പോൾ ഇതൊരു കഥയാണെന്നു പറയാം. എന്നാൽ കഥയല്ല, കാര്യമാണു്. . . അഹങ്കാരലേശമില്ലാതെ, ജീവൽപ്രവാഹത്തിൻെറ ശക്തമായ ഒഴുക്കിൽപ്പെട്ടു് ഒക്കരിലാവഴിതെററാതെ, ആരെയും പഴിക്കാതെ, കരുണയുടെ ധ്യാനനൗകയിൽ യാത്രചെയ്ത മനുഷ്യവർഗ്ഗത്തിൻെറതന്നെ അത്ഭുതകരമായ വിജയവൈജയന്തി ഉയർത്തിയ മിലയുടെ ജീവചരിത്രം മനുഷ്യജീവിതത്തിൽ ഒരിക്കലെങ്കിലും വായിച്ചിരിക്കണം. അതിനിതാ മലയാളികൾക്ക സന്ദർഭമുണ്ടായിരിക്കുന്നു . . . ''

300-ൽ അധികം പേജുകൾ. വില. 50 രൂപ.

# ഗുരുകുലവാർത്തകൾ

## ഗുരു നിത്യ ചൈതന്യയതി

നവംബർ, ഡിസംബർ മാസങ്ങളിലെ ഗുരുവിൻെറ പരിപാടി.

നവംബർ 4 മുതൽ 6 വരെ—ഉപനിഷത്ത് ക്ലാസ്സ്—
ദർശന, കോട്ടയം.

'' 7 മുതൽ 20 വരെ—ക്യാമ്പ്-വിദ്യാനികേതൻ
നാരായണഗുരുകുലം, മുറിഞ്ഞകൽ, കോന്നി.
(11, 12 തീയതികളിൽ ഇവിടെ ഉണ്ടായിരിക്കുന്നതല്ല.)

21 മുതൽ 30 വരെ—പാലക്കാട്.

ഡിസംബർ 1 മുതൽ 4 വരെ കൊല്ലം.

'' 5 മുതൽ 14 വരെ—നാരായണഗുരുകുലം, ശ്രീനിവാസപുരം,
വർക്കല.

'' 15 മുതൽ 20 വരെ—തിരുവനന്തപുരം

21 മുതൽ 31 വരെ—നാരായണഗുരുകുലം, ശ്രീനിവാസപുരം, വർക്കല.
(22-ാം തീയതി സ്നേഹസംവാദക്യാമ്പ്)

1994 ജനുവരി 3-ാം തീയതി ഊട്ടിയിൽ മടങ്ങിയെത്തും.

## ഡിസംബർ 22-ന് സ്നേഹസംവാദ ക്യാമ്പ്

ഡിസംബർ 22-ാം തീയതി കാലത്ത് 10 മണി മുതൽ വർക്കല നാരായണഗുരുകുലത്തിനോടനുബന്ധിച്ചുള്ള ബ്രഹ്മവിദ്യാമന്ദിരത്തിൽവച്ചു ഗുരു നിത്യചൈതന്യയതിയുടെ നേതൃത്വത്തിൽ സ്നേഹസംവാദക്യാമ്പ് നടക്കുന്നതാണ്.

## ഗുരുകുല കൺവെൻഷൻ

1993-ലെ നാരായണഗുരുകുല കൺവെൻഷൻ ഡിസംബർ 23 മുതൽ 29 വരെ തീയതികളിൽ നടക്കുന്നതാണ്. ഈ കൺവെൻഷൻെറ ഭാഗമായി നടക്കുന്ന എല്ലാ സെമിനാറുകളും വിദ്യാഭ്യാസത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാണ്. പരിവർത്തനോന്മുഖവിദ്യാഭ്യാസം, വിദ്യാഭ്യാസത്തിലെ ആരോഗ്യം, മാറുന്ന സമൂഹം മാററപ്പെടേണ്ട വിദ്യാഭ്യാസം, എഴുത്തുകാർ സമൂഹത്തിനു നല്കേണ്ട വിദ്യാഭ്യാസം, വിദ്യാഭ്യാസത്തിലെ ഭരണസാരഥ്യം, ഏകലോകവിദ്യാഭ്യാസം എന്നിവയാണു വിഷയങ്ങൾ. ഈ സെമിനാറുകൾ ഉദ്ഘാടനം ചെയ്യുന്നതിനും പരിവർത്തനോന്മുഖ വിദ്യാഭ്യാസം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രബന്ധം അവതരിപ്പിക്കാനും ശ്രീ: E. M. S. നമ്പൂതിരിപ്പാട് സദയം സമ്മതിച്ചിട്ടുണ്ട്. എല്ലാ സെമിനാറുകളും നയിക്കുന്നതു ഗുരു നിത്യചൈതന്യയതി ആയിരിക്കും. എല്ലാ ദിവസവും കാലത്തു ഹോമവും സ്വാമി മുനി നാരായണ പ്രസാദ് നടത്തുന്ന പ്രവചനവും ഉണ്ടായിരിക്കും. വൈകുന്നേരം ഏഴു മണിക്കു പ്രാർത്ഥനായോഗവും ഉണ്ടായിരിക്കും. പ്രാർത്ഥനായോഗത്തിൽ, ഗുരു നിത്യചൈതന്യയതി, സ്വാമി മുനി നാരായണ പ്രസാദ്, പ്രൊഫ:

M. H. ശാസ്ത്രി, ബ്രഹ്മചാരി ശാന്താനന്ദതീർത്ഥ എന്നിവർ പ്രഭാഷണം നടത്തും. അതിനുശേഷം ലഘു കലാപരിപാടികളും ഉണ്ടായിരിക്കും.

## ബ്രഹ്മവിദ്യാമന്ദിരം

ബ്രഹ്മവിദ്യാമന്ദിരത്തിന്റെ നാലു മുഖപ്പുകളിൽ വടക്കുവശത്തുള്ളത് പുരാതന ക്ഷേത്രശില്പമാതൃകയിൽ ദാരുശില്പങ്ങൾ കൊണ്ട് അടസ്സുന്നജോലി പൂർത്തിയാക്കി. ഒരെണ്ണത്തിന്റേതു കൂടി ഗുരുകുല കൺവെൻഷൻ തുടങ്ങുന്നതിനു മുൻപു തന്നെ ഉറപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള ഒരു മുഖപ്പു പൂർത്തിയാക്കുന്നതിന് ഏകദേശം ഒന്നരലക്ഷത്തോളം രൂപ ചെലവുണ്ട്. ഗുരുകുലബന്ധുക്കളുടെ സഹായം എത്തിയാലേ പണി മുമ്പോട്ടുപോകൂ എന്നതാണ് ഇപ്പോഴത്തെ നില. എല്ലാവരുടെയും സഹായം പ്രതീക്ഷിക്കുന്നു.

## വിദ്യാനികേതൻ നാരായണഗുരുകുലം

വകയാർ വിദ്യാനികേതൻ നാരായണഗുരുകുലത്തിലെ വാർഷികകൺവെൻഷൻ 7-11-93 ൽ ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്നതാണ്.

## നാരായണഗുരുകുലം, പെരിയ

പെരിയ നാരായണഗുരുകുല ബോട്ടണിക്കൽ സാങ്ചറിയിലെ വാർഷിക ഗുരുപൂജ 31-10-93-ൽ നടക്കുന്നതാണ്.

## പ്രബന്ധരചനാമത്സരം

കോളേജ്‌വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഒരു പ്രബന്ധരചനാമത്സരം ഡിസംബർ 5 ഞായറാഴ്ച കാലത്ത് 10 മണിക്കു വർക്കല നാരായണഗുരുകുലത്തിൽ വച്ചു നടത്തുന്നതാണ്. ''നാരായണഗുരുവിന്റെ ദൈവസങ്കല്പം'' ആണു പ്രബന്ധവിഷയം. കേരളത്തിലെ എല്ലാ കോളേജുകളിലെയും പാരലൽകോളേജുകളിലെയും വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് 2000 രൂപ, 1000 രൂപ, 500 രൂപ എന്നീ ക്രമത്തിൽസമ്മാനവും സർട്ടിഫിക്കററും നല്കുന്നതാണ്. എൻ. സി. സേനൻ എൻഡോമെൻറ് ഫണ്ടിൽ നിന്നാണു സമ്മാനങ്ങൾ നല്കുന്നതു്. 29-12-93 ൽ നടക്കുന്ന ഗുരുകുല കൺവെൻഷന്റെ സമാപനസമ്മേളനത്തിൽ വച്ചു സമ്മാനം നൽകുന്നതാണ്.

പ്രബന്ധരചനയ്ക്കു റഫറൻസ് പുസ്തകങ്ങൾ ഉപയോഗിക്കാവുന്നതാണ്. എഴുതിതയ്യാറാക്കിയ കുറിപ്പുകൾ അനുവദിക്കുന്നതല്ല. ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 1-നു മുമ്പ് പേരു രജിസ്റ്റർ ചെയ്യുകയും 5-നു കാലത്ത് 8 മണിക്ക് പ്രിൻസിപ്പലിന്റെ സാക്ഷിപത്രത്തോടുകൂടി വർക്കല നാരായണഗുരുകുലത്തിൽ എത്തിച്ചേരേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജർ, നാരായണഗുരുകുലം, ശ്രീനിവാസപുരം പി. ഒ., വർക്കല, 695145, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ എഴുതേണ്ടതാണ്.

## ഗുരുകുല സ്റ്റഡിസർക്കിൾ

ആലപ്പുഴയിലെ, ഈ മാസത്തെ ക്ലാസ്സ് നവംബർ 7-ാം തീയതി പാലസ് റോഡിലുള്ള സി. കെ. ആറുമുഖന്റെ ചൈതന്യയിൽ വച്ചും, കടയ്ക്കാവൂരിലേതു്, 21-നു നേതാജി ഭവനിൽ വച്ചും നടക്കും.

Vol· XXX No· 8 GURUKULAM Nov. 1993
Regd· KL/TV (N) 7 RN. No. 16974/68

# പുതിയ പുസ്തകങ്ങൾ

നവംബറിൽ പ്രസിദ്ധീകരിക്കുന്നു.

## (1) കർമ്മവും പുനർജന്മവും

(മുനിനാരായണപ്രസാദ്) ക. 12

എല്ലാവർക്കും എപ്പോഴും ചോദിക്കാനുള്ള ഒരേ ചോദ്യത്തെപ്പററി വേദങ്ങൾ, ഉപനിഷത്തുക്കൾ, ഭഗവദ്ഗീത, ബ്രഹ്മസൂത്രം എന്നിവയുടെ വെളിച്ചത്തിലുള്ള വിലയിരുത്തൽ.

## (2) വിദ്യാഭ്യാസം: ഒരു മാർഗ്ഗരേഖ

(വിവർത്തനം: മുനിനാരായണപ്രസാദ്) ക. 25

പൂർണ്ണമനുഷ്യനെ വളർത്തിയെടുക്കുന്നതിനു വേണ്ടിയുള്ള ഒരു വിദ്യാഭ്യാസ പദ്ധതിക്കു നടരാജഗുരു നല്കുന്ന മാർഗ്ഗരേഖ. The World Education Manifesto എന്ന ഗ്രന്ഥത്തിന്റെ തർജ്ജമ.

## (3) അറിവ്–ലളിതവ്യാഖ്യാനം (മുനിനാരായണപ്രസാദ്)

ക. 10

നാരായണഗുരുവിന്റെ അറിവ് എന്ന അനുപമമായ ചെറുകൃതിയുടെ ലളിതവ്യാഖ്യാനം.

## (4) പ്രാർത്ഥന എന്തു്, എന്തിന്, എങ്ങനെ?

(രണ്ടാംപതിപ്പ്)- മുനിനാരായണപ്രസാദ്.

ക. 12

നാരായണഗുരുവിന്റെ ദൈവദശകം എന്ന പ്രാർത്ഥനയുടെ വ്യാഖ്യാനത്തിന്റെ രൂപത്തിൽ പ്രാർത്ഥനയെ സംബന്ധിച്ചുള്ള ഒരു പഠനം.

## (5) Man-Woman Dialectics (ക. 40)

മനുഷ്യജീവിതത്തിൽ യോഗാത്മകതയ്ക്കുള്ള സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെപ്പററിയുള്ള ചിന്തയിലും യോഗാത്മകത എത്രത്തോളം പ്രസക്തമാണെന്നു വെളിവാക്കിക്കൊണ്ടു നടരാജഗുരു എഴുതിയ ലേഖനങ്ങളുടെ സമാഹാരം.

Edited, printed and published by Swami Mantra Chaitanya
on behalf of Narayana Gurukula, Srinivasapuram P.O.
Varkala, Kerala, India 695145
Printed at Mangala Press, Varkala.

# ഗുരുകുലം
## ദാർശനിക മാസിക

